മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 39 | THE ONLINE OFFICIAL NEWS BULLETIN | 2025 September 25

SEASON OF THE HOLY CROSS | സ്ലീബാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
28 2 2nd Sunday after the Holy Cross 28th Mem. of Philipose Mar Theophilos (Aluva Thrikkunnathu Seminary)	29 6	30 2	1 6 Comme. of Evangelists St. Adai, St. Abhai the Martyr, Mar Malke	2 2 137th Mem. of Karottuveettil Shemavon Mar Dionysius (Kadungamangalam)	3 6 340th Comme. of St. Yeldo Mar Baselius (Kothamangalam Cheriya Palli)	4 2



ഹൂസ്റ്റൺ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ശ്ലൈഹിക സന്ദർശനം നടത്തി.



ഗ്ലോറിയ ന്യൂസ് കീർത്തിമുദ്ര അവാർഡ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്കു

തിരുവല്ല: ഈ വർഷത്തെ ഗ്ലോറിയ ന്യൂസ് കീർത്തിമുദ്ര അവാർഡ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായ്ക്കു സമ്മാനിക്കും. 2025 ഒക്ടോബർ ഒന്നിന് തിരുവല്ല വൈ.എം.സി.എ. യിൽ നടക്കുന്ന സമ്മേളനത്തിൽ പുരസ്ക്കാരം സമ്മാനിക്കും. സമ്മേളനത്തിൽ മുഹമ്മദ് അലി ഗൾഫാർ മുഖ്യപ്രഭാഷണം നടത്തും. ഡോ. യൂയാക്കിം മാർ കൂറിലോസ് മുഖ്യാതിഥി ആയിരിക്കും. പി . ജെ. കുര്യൻ, മാത്യു ടി. തോമസ്, ജോസഫ് എം. പുതുശ്ശേരി, അഡ്വ. ബിജു ഉമ്മൻ, അഡ്വ. വർഗ്ഗീസ് മാമ്മൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തും.



പാമ്പാടി കെ.ജി. കോളജിന് മിനിസ്റ്റേഴ്സ് എക്സെലൻസ് അവാർഡ്

പാമ്പാടി: ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ 'മിനിസ്റ്റേഴ്സ് അവാർഡ് ഫോർ എക്സെലൻസ്' പാമ്പാടി കെ.ജി. കോളജിന് ലഭിച്ചു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാര റേറ്റിങ് ഏജൻസിയായ നാഷനൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്) മൂന്നാം ഘട്ട റേറ്റിങ്ങിൽ 3.2 സ്കോറോടെ 'എ' ഗ്രേഡ് ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് അവാർഡ് ലഭിച്ചത്. സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പും സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷുറൻസ് സെൽ കേരളയും (എസ്എൽക്യുഎസി കേരള) ചേർന്ന് സംഘടിപ്പിച്ച എക്സലൻഷ്യ 2025 ൽ ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി മന്ത്രി ഡോ. ആർ. ബിന്ദുവിൽ നിന്നും കോളജ് പ്രിൻസിപ്പാൾ പ്രൊഫ. ഡോ. റെന്നി പി. വർഗ്ഗീസും മുൻ ഐ.ക്യു.എ.സി. കോർഡിനേറ്റർ ലെഫ്. റനീഷ് ജോസഫും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.




പ. അൽവാറിസ് മാർ യൂലിയോസിന്റെ ഓർമ്മപ്പെരുന്നാൾ ദിനത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ്, സഖറിയാ മാർ സേവേറിയോസ്. യാക്കോബ് മാർ ഏലിയാസ്. ഗീവർഗീസ് മാർ പീലക്സീനോസ് എന്നീ മെത്രാപ്പോലീത്താമാർ വിശ്വാസികൾക്ക് ആശീർവാദം നൽകുന്നു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1959)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



26 വ്യാഴം. കുന്നംകുളം, കൊരട്ടി. രാവിലെ നാമും പട്ടക്കാരും കൂടെ ചിറഞ്ഞൂർ ചാപ്പലിലെത്തി. സണ്ടേസ്കൂൾ കെട്ടിടം ആയിരുന്നു. നാം അതു കൂദാശ ചെയ്തു ചാപ്പലായി ഉപയോഗിക്കുവാൻ അനുവദിച്ചു കൊടുത്തു. നമ്മുടെ കോശി കത്തനാർ കുർബ്ബാന ചൊല്ലി. കുർബ്ബാന കഴിഞ്ഞു നാം പള്ളിയുടെ മാഹാത്മ്യത്തെപ്പറ്റിയും അതിനെ ബഹുമാനിക്കേണ്ടതിനെപ്പറ്റിയും പ്രസംഗിച്ചു, ആശീർവദിച്ചു. അനന്തരം പഴയ പള്ളിയിലേക്കു മടങ്ങിപ്പോന്നു. കുത്തൂർ ചേറു നമ്മെ ക്ഷണിച്ചുകൊണ്ടു പോകാൻ പഴയപള്ളിയിൽ ഉണ്ടായിരുന്നു. 11 മണിയോടു കൂടെ നാം പള്ളിയിൽ ലുത്തിനിയാ കഴിഞ്ഞു തൃശൂർക്കു പുറപ്പെട്ടു. പോയ വഴി കുത്തൂർ ചേറുവിന്റെ വീട്ടിൽ കയറി പ്രാർത്ഥിച്ചു. അയാൾക്കു ഒരു തേങ്ങാ ആട്ടുന്ന മില്ലും ഉണ്ട്. അവർ നമ്മുടെയും മറ്റും ഒരു ഫോട്ടോ എടുത്തു. അനന്തരം തൃശൂർ എത്തി സെന്റ് ഇഗ്നാത്തിയോസ് പള്ളിയിൽ വിശ്രമിച്ചു. ഡോക്ടർ ചാക്കോ ജോർജ് നമ്മെ വന്നു കാണുകയും അയ്യംപള്ളി കാര്യങ്ങൾ പറയുകയും ചെയ്തു. നാളെ അയ്യംപള്ളിക്കു പോകുന്ന വഴി നാം വടക്കൻപറവൂർ പള്ളിയിൽ കൂടെ കയറണമെന്നു അവർക്കു ആഗ്രഹമുണ്ടെന്നും മറ്റും ആ ഇടവകക്കാർ ഡോക്ടറെ അറിയിച്ചിട്ടുണ്ടെന്നും പറഞ്ഞു. കൂടാതെ തൃശൂർ പള്ളി വക ജൂബിലി മെമ്മോറിയൽ കെട്ടിടത്തെ കൂദാശ ചെയ്ത് ബെസ്അവ്യൂസോ എന്നു നാമകരണം ചെയ്തു എന്നും ഒരു സന്ദർശന ഡയറിയിൽ നാം എഴുതിക്കൊടുത്താൽ കൊള്ളാമെന്നും ഡോക്ടർ അപേക്ഷിച്ചു. അപ്രകാരം എഴുതി നാം ഒപ്പിട്ടു കൊടുത്തു. മുറിമറ്റത്തിൽ ഗീവറുഗീസു കത്തനാർ മൂലക്കുരുവിന്റെ ഒരു ഓപ്പറേഷനു വേണ്ടി തൃശൂർ വന്നു. അയാൾ നമ്മെ വന്നു കണ്ടു. അയാൾക്കു വളരെ ക്ഷീണവും പ്രയാസവും ഉണ്ടെന്നും പറഞ്ഞു. നാം കൈവച്ചു പ്രാർത്ഥിച്ചു. 4 മണി കഴിഞ്ഞു നാം കൊരട്ടിക്കു പോന്നു. അഞ്ചര മണിയോടു കൂടി കൊരട്ടി സീയോൻ സെമിനാരിയിലെത്തി. പട്ടക്കാരും ജനങ്ങളും നമ്മെ ആഘോഷമായി സ്വീകരിച്ചു. ഇച്ചിക്കോട്ടിൽ കത്തനാരും വേറെ ഒരാളും നമ്മെ ഹാരമണിയിച്ചു. മെത്രാച്ചൻ സ്വീകരിച്ചു. അനന്തരം പള്ളിയിലെത്തി ലുത്തിനിയാ കഴിഞ്ഞു അല്പസമയം ആളുകളോടു പ്രസംഗിച്ചു. അനന്തരം വാഴ്വ് കൊടുത്തു. മുറിയിലെത്തി വിശ്രമിച്ചു. ധാരാളം ആളുകൾ കൂടിയിരുന്നു. എല്ലാവരും വന്നു കൈ മുത്തിപ്പോയി. കോയമ്പത്തൂർ നിന്നും റ്റി. കെ. ഉമ്മനും ഭാര്യയും നമ്മെ വന്നു കാണുകയുണ്ടായി.

അയ്യംപള്ളി, ചിറായി മുതലായ സ്ഥലങ്ങളിൽ നിന്നും ധാരാളം ആളുകൾ അവിടെ വന്നു നമ്മെ കണ്ടു. അയ്യംപള്ളിൽ ഈരാളിൽ ഡോക്ടർ ജോർജ് നമ്മെ വന്നു കാണുകയും നമുക്കു ഒരു പവൻ കൈമുത്തു തരികയും ചെയ്തു. നാം ഇന്നു കൊരട്ടിയിൽ താമസിച്ചിട്ടു നാളെ ഉച്ചകഴിഞ്ഞു അയ്യംപള്ളിക്കു പോകാമെന്നു ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

27 വെള്ളി. കോട്ടയത്തു നിന്നു മാനേജർ യാക്കോബ് കത്തനാരും എറികാട്ടു ബേബിയും മാത്തച്ചനും നമ്മെ വന്നു കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. ഇന്നലെ മൂവാറ്റുപുഴ വച്ചു കൂടിയ കണ്ടനാട് ഭദ്രാസന യോഗത്തിന്റെ കാര്യങ്ങളും പൗലോസ് മാർ പീലക്സിനോസും കൂട്ടരും കൂടെ വഴക്കുണ്ടാക്കി യോഗം നടത്താതെ പിരിച്ചു വിടേണ്ടതായി വന്നു എന്നും മറ്റും ഉള്ള കാര്യങ്ങൾ പറഞ്ഞു. നമ്മുടെ ആജ്ഞപ്രകാരം അത്താനാസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും ട്രസ്റ്റിമാരും വന്നിരുന്നു എന്നും യാതൊരു രീതിയിലും ഒരു സഹകരണം ഇല്ലാതെ വഴക്കു മാത്രം ഉണ്ടാക്കിയതുകൊണ്ടു തീമോത്തിയോസ് മെത്രാൻ നിവൃത്തിയില്ലാതെ യോഗം പിരിച്ചുവിട്ടു എന്നും പറഞ്ഞു. ആയതുകൊണ്ടു നാം തന്നെ നേരിട്ടു യോഗം വിളിച്ചുകൂട്ടി വേണ്ടതു പ്രവർത്തിക്കണമെന്നു അവരും സേവേറിയോസ് മെത്രാച്ചനും നമ്മോടു പറഞ്ഞു. ഭദ്രാസന സെക്രട്ടറിയെയും കമ്മിറ്റിക്കാരെയും തെരഞ്ഞെടുക്കുന്നതിനു പീലക്സിനോസ് മെത്രാച്ചനും സമ്മതിച്ചു ഒപ്പിട്ടു കൊടുത്തതനുസരിച്ചു വിളിച്ചുകൂട്ടിയ യോഗമാണ്. അവിടെയാണ് അയാളും കൂട്ടരും കൂടെ ഇങ്ങനെയുള്ള കുഴപ്പങ്ങളെല്ലാം ഉണ്ടാക്കിയത്. അങ്ങനെ അയാൾ ഇപ്പോൾ നമുക്കും സഭയ്ക്കും വിപരീതമായി എഴുന്നേറ്റിരിക്കയാണ്. കോട്ടയത്തു കഞ്ഞിക്കുഴി കവലയിലുള്ള നമ്മുടെ കുരിശിൻതൊട്ടിയുടെ മുമ്പിലുള്ള മാടം എടുത്തു മാറ്റുന്നതിനു മുൻ റവന്യൂ മന്ത്രി കെ. ആർ. ഗൗരിയുടെ നിരോധന ഉത്തരവിനെ റദ്ദു ചെയ്തുകൊണ്ടു ഇപ്പോഴത്തെ അഡ്വൈസർ പി. വി. ആർ. രാമു ഉത്തരവിട്ടു. അതനുസരിച്ച് ആ മാടം മാറ്റുന്നതിനു ഉദ്യമിച്ചപ്പോൾ പടിഞ്ഞാറേക്കര പി. സി. ചെറിയാൻ കളക്ടറോടു injunction വാങ്ങുവാൻ ശ്രമിച്ചുയെന്നും ആയതു മൂലം അല്പം കുഴപ്പത്തിനു ഇടയായി എന്നും മറ്റും അവർ നമ്മെ അറിയിച്ചു. എന്നാൽ injunction order വന്നപ്പോഴേക്കും മാടം നമ്മുടെ ആളുകളുടെ ഉത്സാഹത്താൽ മാറ്റി എന്നും പറഞ്ഞു. താഴത്തങ്ങാടി പള്ളിയുടെ പണി തീർന്നു എന്നും സഭാ സമാധാനമായതിന്റെ ഓർമ്മയ്ക്കായി ഡിസംബർ 16-നു അതിന്റെ കല്ലിടീൽ കർമ്മം (ത്രോണോസിന്റെ) നാം നടത്തിക്കൊടുക്കണമെന്നും ബേബിയും (എറികാട്ട്) മറ്റും അപേക്ഷിച്ചു. കൂടാതെ വട്ടിപ്പണം വാങ്ങിക്കുന്ന കാര്യത്തെപ്പറ്റി നാം അവരോടു അന്വേഷിച്ചതിൽ അതിനെപ്പറ്റി നമ്മുടെ ആപ്പീസിലും മറ്റും വന്ന് അന്വേഷണം നടത്തിപ്പോയിട്ടു ഡൽഹിയിൽ നിന്നും അനുവാദം കൊടുത്തതുമായിരുന്നു. എന്നാൽ അവിരാ അതിന്റേമേൽ ഹർജി ബോധിപ്പിച്ചതുകൊണ്ടു തൽക്കാലം കൊടുക്കണ്ടായെന്നു ഓർഡറിട്ടു എന്നു പറഞ്ഞു. അയ്യംപള്ളി ഇടവകക്കാർ രണ്ടുമൂന്നു പേർ നമ്മെ വന്നു കാണുകയും ഇടവകക്കാരിൽ ഒരുവൻ സേവേറിയോസ് മെത്രാച്ചൻ പള്ളി സംബന്ധമായ കാര്യങ്ങളിൽ സംബന്ധിച്ചു കൂടാ എന്നുള്ള നിരോധന ഉത്തരവു വാങ്ങിച്ചിട്ടുണ്ടെന്നും നമ്മെ അറിയിച്ചു. അവരുടെ അപ്പോഴത്തെ ചുറ്റുപാടും അയ്യംപള്ളിയിൽ അതുകൊണ്ടു ഉണ്ടാകാവുന്ന വിഷമങ്ങളെപ്പറ്റിയും

അവർ അപേക്ഷിച്ചു പറയുകയും നാളെത്തന്നെ ആ ഉത്തരവു റദ്ദാക്കിച്ചു മെത്രാച്ചനെ അവിടെ കൊണ്ടുവന്നുകൊള്ളാമെന്നും അവർ പറഞ്ഞതുകൊണ്ടു നാം ഇന്നു ചെല്ലാമെന്നു സമ്മതിച്ചു. ഈ കുഴപ്പംകൊണ്ടു രണ്ടു മണി കഴിഞ്ഞാണ് അവിടെ നിന്നു പോന്നത്. പള്ളിയിൽ കയറി ലുത്തിനിയാ കഴിഞ്ഞു നാം യാത്ര പറഞ്ഞു വടക്കൻപറവൂർ പള്ളിയിലേക്കു പോന്നു. അവിടെ നിന്നും ബോട്ടിലാണ് അയ്യംപള്ളിക്ക് പോകുന്നത് എന്നും അവർ പറഞ്ഞു. മെത്രാച്ചൻ നമ്മോടുകൂടെ പോന്നില്ല. വടക്കൻപറവൂർ പള്ളിയിൽ എത്തിയപ്പോൾ പട്ടക്കാരും ജനങ്ങളും കൂടെ നമ്മെ സ്വീകരിച്ചു പള്ളിയിലേക്കു ആനയിച്ചു. ലുത്തിനിയായും കബറിങ്കൽ ധൂപപ്രാർത്ഥനയും കഴിഞ്ഞു പ്രസംഗിച്ചു. മാർ തീമോത്തിയോസ്, മാർ ഗ്രീഗോറിയോസ് (ആലുവ), മാർ ഒസ്താത്തിയോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാച്ചന്മാരും പട്ടക്കാരും ശെമ്മാശന്മാരും അവിടെ ഉണ്ടായിരുന്നു. എന്നാൽ അപ്പോഴേക്കും സേവേറിയോസ് മെത്രാച്ചന്റെ injunction ന്റെ പൂർണ്ണ വിവരം അറിയുകയും ഇടവക മെത്രാൻ എന്ന നിലയിൽ പള്ളിക്കാര്യങ്ങളിൽ ഭരണം നടത്തരുതെന്നു മാത്രമേയുള്ളുവെന്നും അല്ലാതെ പള്ളിയിൽ ഇപ്പോൾ കയറുന്നതിനു കുഴപ്പമില്ലെന്നും അറിഞ്ഞുകൊണ്ടു ആളുകൾ കൊരട്ടിക്കു പോയി അദ്ദേഹത്തെ കൊണ്ടുവന്നു. അഞ്ചു മണി കഴിഞ്ഞു അവിടെ നമസ്കാരം കൂടി കഴിഞ്ഞാണ് അയ്യംപള്ളിക്കു പോന്നത്. പള്ളിയുടെ അടുത്തുള്ള കടവിൽ നിന്നും അലങ്കരിച്ച ബോട്ടിലാണ് അവർ നമ്മെ കൊണ്ടുപോയത്. എട്ടു മണിക്കു മുമ്പായി അയ്യംപള്ളിയിലെത്തി ബോട്ടിൽ നിന്നും ഇറങ്ങി വണ്ടിയിൽ ആഘോഷമായി സെന്റ് ജോൺസ് പള്ളിയിലേക്കു എതിരേറ്റു. ലുത്തിനിയാ കഴിഞ്ഞു പ്രസംഗിച്ചു. ധാരാളം ജനങ്ങൾ തടിച്ചുകൂടിയിരുന്നു. തൃശൂർ നിന്നും ഡോക്ടർ ചാക്കോ ജോർജും മറ്റും വന്നിരുന്നു. പഴയസെമിനാരി മാനേജർ കത്തനാരും ബേബിയും മറ്റും വടക്കൻപറവൂർ പള്ളിയിൽ നിന്നും കോട്ടയത്തിനു തിരിച്ചുപോയി. രാത്രി ഭക്ഷണം കഴിഞ്ഞ് തീമോത്തിയോസ് മെത്രാച്ചനും സേവേറിയോസ് മെത്രാച്ചനും ഒഴിച്ച് ബാക്കി മെത്രാച്ചന്മാർ തിരിച്ചുപോയി. വേറെ വിശേഷമൊന്നുമില്ല.

28 ശനി. അയ്യംപള്ളി. മുളന്തുരുത്തിയിൽ പാലയ്ക്കാട്ടു കത്തനാർ ഇവിടെ വന്നു നമ്മെ കാണുകയും ഡിസംബർ 19 മുതൽ 21 വരെയുള്ള ദിവസങ്ങളിൽ സെന്റ് തോമസ് ദിനം ആഘോഷിക്കുന്നതിന് നാം കൂടെ ചെല്ലണമെന്നു അപേക്ഷിച്ചു. എന്നാൽ നമുക്ക് സൗകര്യമുള്ളപക്ഷം ആകാം എന്നു പറഞ്ഞു. സേവേറിയോസ് മെത്രാച്ചന്റെ പേർക്കു ഇവിടെ കൊടുത്തിരുന്ന injunction പെറ്റീഷൻ ഡോ. ചാക്കോ ജോർജ്ജിന്റെയും മറ്റും ശ്രമഫലമായി അവനെക്കൊണ്ടു പിൻവലിപ്പിച്ചു എന്നും നാം അറിഞ്ഞു. ഡോ. കെ. സി. പോൾ മുതൽപേർ നമ്മെ വന്നു കാണുകയുണ്ടായി. നാളെ കുർബ്ബാന കഴിഞ്ഞു പൊതുയോഗം കൂടുന്നതിനു കുഴപ്പമില്ല എന്നു സേവേറിയോസ് മെത്രാച്ചൻ പറഞ്ഞു. കൊച്ചി പള്ളിയിൽ നിന്നും തേവലക്കരക്കാരൻ കോശി വൈദ്യനും വേറെ ഒന്നു രണ്ടു പേരും കൂടെ നമ്മെ വന്നു കാണുകയും അവരുടെ പള്ളിക്കാര്യങ്ങൾ തീർത്തുകൊടുക്കണമെന്ന് അപേക്ഷിച്ചു. ഡോ. ചാക്കോ ജോർജിനെ നാം ചുമതലപ്പെടുത്തിയിരിക്കുന്നതുകൊണ്ടു അയാളോടു കൂടെ ആലോചിച്ചു തീർക്കാം എന്നു നാം പറഞ്ഞു. അവർ വീണ്ടും നാളെ വരാമെന്നു പറഞ്ഞു പോയി. വടക്കേടത്തു തോമ്മസു കത്തനാർ ഇവിടെ വന്നു താമസിക്കുന്നു.

29 ഞായർ. അയ്യംപള്ളി. രാവിലെ നാമും മെത്രാച്ചന്മാരും കൂടെ മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. മെത്രാച്ചൻ അറിയിച്ചതനുസരിച്ചു ഉച്ചകഴിഞ്ഞു ഈ ഇടവകയുടെ പൊതുയോഗം ഉണ്ടായിരിക്കുമെന്നും നാം പ്രസ്താവിച്ചു. ധാരാളം ആളുകൾഉണ്ടായിരുന്നു. കൊച്ചി ഇടവകക്കാർ വളരെപ്പേർ ഇവിടെ വന്നു നമ്മെ കണ്ടു. ദീവന്നാസിയോസ് മെത്രാച്ചനെ കൂടെ വരുത്തിയാൽ തൊഴുപ്പാടൻ കത്തനാരെ വരുത്തി കാര്യങ്ങൾ തീർക്കുന്നതിനു സഹായമായിരിക്കും എന്നും അവർ പറഞ്ഞു. നമ്മുടെ അനുവാദത്തോടു കൂടെ മെത്രാച്ചൻ വരുന്നതിനു കമ്പി കൊടുത്തു. എം. ഏബ്രഹാം വക്കീൽ വന്നിരുന്നു. തിരുവല്ലാ തീപ്പനിയിൽ പുതുതായി കോടിയാട്ടു കുട്ടി പണിയിച്ച പള്ളിയുടെ കൂദാശയ്ക്കു മുമ്പ് അതിനെ അനുഗ്രഹിച്ചുകൊണ്ടും സമാധാന വിരുദ്ധന്മാരെക്കുറിച്ചു ഉത്കണ്ഠയോടും കൂടെയുള്ള പാത്രിയർക്കീസിന്റെ കല്പന തർജ്ജിമ ചെയ്തു അച്ചടിപ്പിച്ചു കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പാ പരസ്യം ചെയ്തതിന്റെ ഒരു പ്രതി തിരുവല്ലായിൽ നിന്നും നമുക്കു കിട്ടി. അതു നാം ഏബ്രഹാം വക്കീലിനെ കാണിച്ചു. പാത്രിയർക്കീസിന്റെ ഈ വിധത്തിലുള്ള കല്പനയെപ്പറ്റി വളരെ വിഷമമായിട്ടു അയാൾ പറയുകയുണ്ടായി. തൃപ്പൂണിത്തുറ നിന്നും മനയിടെ ബേബി നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു.

ഉച്ച കഴിഞ്ഞു ഇടവകക്കാരെല്ലാം വന്നുചേർന്നു. എന്നാൽ അവരുടെ അഭിപ്രായത്തിൽ ഒരു ഏകീകരണം ഉണ്ടാകത്തക്കവണ്ണം സേവേറിയോസ് മെത്രാച്ചനും ഇടവകക്കാരും കൂടെ ആലോചിച്ചു. രണ്ടു കൂട്ടത്തിൽ നിന്നും 5 വീതം 10 കമ്മിറ്റിക്കാരെയും അവരിൽ നിന്നും ഒരു കൈക്കാരനെയും ഒരു സെക്രട്ടറിയെയും തെരഞ്ഞെടുക്കുന്നതിനാണ് നിശ്ചയിച്ചത്. രണ്ടു മണി കഴിഞ്ഞു തുടങ്ങിയ ആലോചന 5 മണി കഴിഞ്ഞാണ് യോജിപ്പിൽ എത്തിയത്. ഇവിടുത്തെ റിസീവർ ആയിരിക്കുന്ന എറണാകുളംകാരൻ പരമേശ്വരമേനോൻ എന്ന വക്കീൽ ഇവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. അയാളുടെ കയ്യിൽ നിന്നും താക്കോലും മറ്റും ഇന്നു കൈമാറുന്നതിനുള്ള തീരുമാനം എടുക്കുകയാണല്ലോ. അഞ്ചര മണിക്കുശേഷം എല്ലാവരും ഒരഭിപ്രായത്തിൽ വരികയും ഇനിയും മീറ്റിംഗ് കഴിഞ്ഞു അഭിപ്രായം സ്വീകരിച്ചു സ്ഥിരപ്പെടുത്തണമെന്നു മെത്രാച്ചൻ നമ്മെ അറിയിക്കുകയും അതനുസരിച്ചു നമ്മുടെ അദ്ധ്യക്ഷതയിൽ പള്ളിയിൽ വച്ച് മീറ്റിംഗ് കൂടുകയും ഉണ്ടായി. മീറ്റിംഗിനു മുമ്പായി റിസീവർ നമ്മെ ഹാരമണിയിച്ചു സ്വീകരിച്ചു. മീറ്റിംഗ് കൂടുകയും അവരുടെ ഏകാഭിപ്രായമായ തീരുമാനങ്ങൾ പ്രമേയങ്ങളായി വായിക്കുകയും കൈ കൊട്ടി സമ്മതിച്ചു നാം അംഗീകരിച്ചു സ്ഥിരപ്പെടുത്തുകയും ചെയ്തു.

രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പള്ളി വക സ്വത്തുക്കളും താക്കോലുകളും എല്ലാം പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരൻ ഏറ്റുവാങ്ങത്തക്കവണ്ണം കോടതിയിൽ അപേക്ഷ കൊടുക്കണം. കേസുകൾ എല്ലാം കുറവു ചെയ്യുന്നതിനു അപേക്ഷ കൊടുക്കണം. കൈക്കാരൻ, സെക്രട്ടറി ഇവരുൾപ്പെടെ 10 അംഗങ്ങളുടെ കമ്മിറ്റിയെയും തെരഞ്ഞെടുത്തു. ഇങ്ങനെയുള്ള കാര്യങ്ങളാണ് തീരുമാനിച്ചത്. അനന്തരം അവരുടെ യോജിപ്പിന്റെയും സഹകരണത്തിന്റെയും കാര്യത്തിൽ നാം നന്ദി പ്രകാശിപ്പിച്ചുകൊണ്ടു പ്രസംഗിച്ചു. അനന്തരം സേവേറിയോസ് മെത്രാച്ചനും പ്രസംഗിച്ചു. ഒടുവിൽ റിസീവർക്കു നാം നന്ദി പറഞ്ഞു. മെത്രാച്ചനെ അവരുടെ പിതാവും അധികാരിയും ആക്കി നാം ഏല്പിച്ചു. ചൊവ്വാഴ്ച മുതൽ 25 നോമ്പ് ആരംഭിക്കയാണെന്നും പറഞ്ഞു. അനന്തരം സന്ധ്യാനമസ്കാരം കഴിഞ്ഞു എല്ലാവരും പിരിഞ്ഞു പോയി. ഡോ. ചാക്കോ ജോർജും മറ്റും ഉണ്ടായിരുന്നു. അയാളുടെയും മറ്റും ഉത്സാഹഫലമായാണ് ഇവിടുത്തെ കാര്യങ്ങൾ തീർന്നത്. തീമോത്തിയോസ് മെത്രാച്ചനും ഇവിടെ ഉണ്ട്. അദ്ദേഹത്തിനു നാളെ പോകണമെന്നു പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

30 തിങ്കൾ. അയ്യംപള്ളി. രാവിലെ കാപ്പി കഴിഞ്ഞു തീമോത്തിയോസ് മെത്രാച്ചൻ മൂവാറ്റുപുഴയ്ക്കു പോയി. പുത്തൻകുരിശുപള്ളിയിൽ നിന്നും മൊതാലിൽ കത്തനാരും തോമ്മസു കത്തനാരും നമ്മെ വന്നു കാണുകയും നാം പുത്തൻകുരിശിൽ എത്തി പള്ളിക്കു കല്ലിടണമെന്നുള്ള വിവരം ഓർപ്പിക്കുകയും ചെയ്തു. നാം ഇവിടെ നിന്നും തിരികെ പോകുമ്പോഴാകട്ടെ എന്നു പറഞ്ഞു. ദീവന്നാസിയോസു മെത്രാച്ചൻ ഇന്ന് ഇവിടെ വരുമെന്ന് കമ്പി കിട്ടിയതുകൊണ്ട് വടക്കേടത്തു തോമസു കത്തനാരെ അയച്ച് തൊഴുപ്പാടൻ തോമസു കത്തനാരെ ഇവിടെ വരുത്തി. അയാൾ നമ്മെ കണ്ടു വർത്തമാനങ്ങളെല്ലാം പറഞ്ഞു. പരുമല മാനേജർ മാത്യൂസ് കത്തനാർ നമ്മെ വന്നു കാണുകയുണ്ടായി. കൊച്ചി കാര്യത്തിനു വേണ്ടി അയാൾ നമ്മോടു പറയുവാൻ വന്നതാണ്. എന്നാൽ ഡോ. ചാക്കോ ജോർജുമായി തൊഴുപ്പാടൻ കത്തനാർ കാര്യങ്ങളെല്ലാം പറഞ്ഞു. അഞ്ചര മണി വരെ ദീവന്നാസിയോസു മെത്രാച്ചനെ കാണാത്തതുകൊണ്ടു അയാൾ തിരിച്ചുപോകാൻ യാത്ര ചോദിച്ചു. നാളെ മെത്രാച്ചൻ വരും. അതുകൊണ്ടു അയാൾ വരണമെന്നു പറഞ്ഞയച്ചു. ഡോക്ടർ അയാളുടെ കാര്യങ്ങളെല്ലാം നമ്മെ അറിയിച്ചു. അതായത് അയാൾക്കു ആറായിരത്തിൽപ്പരം രൂപാ ചിലവായിട്ടുണ്ടെന്നും അതിനു കണക്കുകൾ ഉണ്ടെന്നും അതു കൊടുത്തു കഴിഞ്ഞാൽ പള്ളികൾ രണ്ടും കാതോലിക്കാ സിംഹാസനത്തിലേക്കു എഴുതിത്തരാമെന്നും അങ്ങനെ തന്നു കഴിഞ്ഞാലും നമ്മുടെ ഭരണത്തിൻകീഴിൽ അല്ലാതെ ഇടവക മെത്രാനായ സേവേറിയോസു മെത്രാച്ചന്റെ കീഴിൽ ആയിരിക്കാൻ അയാൾക്കു ഇഷ്ടമില്ലെന്നും ഒരു പള്ളി കൊച്ചിയിലുള്ളവരുടെ ആവശ്യത്തിനു വിട്ടുകൊടുക്കണമെന്നും മറ്റേ പള്ളി ഫോർട്ടു കൊച്ചിയിലുള്ളതായതുകൊണ്ടു എത്രയും ഭംഗിയായി പണി ചെയ്യിക്കണമെന്നും പറഞ്ഞിരുന്നു. ആ വിവരങ്ങളെല്ലാം ഡോക്ടർ നമ്മെ അറിയിച്ചു. ഏതായാലും അടുത്ത തിങ്കളാഴ്ച ഡോക്ടർ തൃശൂർ നിന്നും വരാമെന്നും പറഞ്ഞു പോയി. ഈ കാര്യങ്ങൾ അറിഞ്ഞതിൽ സേവേറിയോസ് മെത്രാച്ചനു ഒരു തൃപ്തിയും ഇല്ല. ദീവ

ന്നാസിയോസ് മെത്രാച്ചൻ ഇതുവരെ വന്നില്ല. കൊച്ചി ഇടവകക്കാരും മാനേജർ മാത്യൂസ് കത്തനാരും കൊച്ചിക്കു പോയി. കുന്നംകുളത്തു നിന്നും കാക്കശ്ശേരിൽ ജോസഫ് കത്തനാരും പള്ളി കമ്മിറ്റിക്കാരും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും പാറമ്മേൽ കത്തനാർ അവിടെ ഉണ്ടാക്കുന്ന കുഴപ്പങ്ങളെപ്പറ്റി പറയുകയും ചെയ്തു. സേവേറിയോസ് മെത്രാച്ചന്റെ ആലോചനയോടു കൂടി അവർ ഒരു ഹർജി നമ്മുടെ പേർക്കു തന്നു. ആർത്താറ്റ് പള്ളി പൊതുയോഗം തീരുമാനിച്ചത് ശവമടക്കത്തിനു വരുമ്പോൾ ശവക്കോട്ട പള്ളിയിൽ വച്ച് ശുശ്രൂഷ നടത്തി അടക്കുകയാണു വേണ്ടത്. ആരെയും വലിയപള്ളിയുടെ മുകടത്തിൽ വച്ചു ശുശ്രൂഷ നടത്തണ്ട എന്നുമാണ്. എന്നാൽ ഈയിടെ ഒരാളുടെ ശവമടക്കം ഉണ്ടായിട്ടു പാറമ്മേൽ കുറിയാക്കോസു കത്തനാർ ധിക്കാരമായി അയാളെ പള്ളിയുടെ മുകടത്തിൽ വച്ചുകൊണ്ടു ശുശ്രൂഷ നടത്തിച്ച് പൊതുയോഗത്തിന്റെ തീരുമാനത്തെ ലംഘിച്ചു എന്നാണ് പരാതി. ആ സമയത്തെ തവണക്കാരനായിരുന്ന പുലിക്കോട്ടിൽ ഇട്ട്യേരാ ജോസഫ് കത്തനാരുടെ ഒരു എഴുത്തും ഈ വിവരം വികാരിയെ തെര്യപ്പെടുത്തുന്നതായി അയച്ചതും നമ്മുടെ പേർക്കു ഹാജരാക്കിയിട്ടുണ്ട്. അയാളുടെ (പാറമേലിന്റെ) കാര്യത്തെപ്പറ്റി സേവേറിയോസ് മെത്രാച്ചനും വളരെ പ്രയാസമായിട്ടാണ് പറഞ്ഞത്. നാം എന്തെങ്കിലും പറഞ്ഞു നിർത്തിയില്ലെങ്കിൽ പ്രയാസമാണെന്നു പറഞ്ഞു. അതനുസരിച്ചു ഡിസംബർ 4-നു അയാൾ വികാരിയെയും കമ്മിറ്റിക്കാരെയും കൂട്ടിക്കൊണ്ടു ഇവിടെ വന്നു നമ്മെ കാണുവാൻ തക്കവണ്ണം നാം എഴുത്തെഴുതി അവരുടെ കയ്യിൽ കൊടുത്തയച്ചു. വേറെ വിശേഷമൊന്നുമില്ല.

ഡിസംബർ 1 ചൊവ്വ. അയ്യംപള്ളി. ഇരുപത്തിയഞ്ചു നോമ്പ് ഇന്നു തുടങ്ങുന്നു. ഇടവകയിൽപെട്ട ധാരാളംപേർ നമ്മെ വന്നു കണ്ടു. ദീവന്നാസിയോസ് മെത്രാച്ചൻ ഇവിടെ വന്നു നമ്മെ കാണുകയും ഇന്നലെത്തന്നെ അദ്ദേഹം പറവൂർ പള്ളിയിൽ എത്തിയെങ്കിലും 10 മണി രാത്രി ആയതുകൊണ്ടു വരാൻ ഒത്തില്ലെന്നു പറഞ്ഞു. അദ്ദേഹം ഞായറാഴ്ച മേപ്രാൽ പള്ളിയിൽ ആയിരുന്നെന്നും കുർബ്ബാന ചൊല്ലി പൊതുയോഗം കൂടി യോജിപ്പായി കാര്യങ്ങളെല്ലാം തീർത്തെന്നും പറഞ്ഞു. പൂതിയോട്ടു കത്തനാരെ വികാരിയായിട്ടു നിശ്ചയിച്ചെങ്കിലും കാര്യം നടത്താൻ അയാൾക്കു വയ്യാത്തതുകൊണ്ടു വേറെ ഒരു പട്ടക്കാരനെക്കൂടെ നിയമിച്ചു കാര്യങ്ങളെല്ലാം ക്രമപ്പെടുത്തിയെന്നും പറഞ്ഞു. തിരുവല്ലായിലെ കാര്യങ്ങളും, കണിയാംപറമ്പിൽ കത്തനാർ പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മീറ്റിംഗ് വിളിച്ചുകൂട്ടാൻ ശ്രമിക്കുന്നുണ്ടെന്നും പറഞ്ഞു. ഇവിടുത്തെ കാര്യങ്ങളെല്ലാം തീർന്നതിനെപ്പറ്റി നാം അദ്ദേഹത്തോടു പറഞ്ഞു. കൂടാതെ തൊഴുപ്പാടൻ കത്തനാർ വന്നു പറഞ്ഞ കാര്യങ്ങളും നാം അദ്ദേഹത്തോടു പറഞ്ഞു. കൊച്ചിയിൽ നിന്നു പരുമല മാനേജർ കത്തനാരും കൊച്ചി ഇടവകക്കാരും ഇവിടെ വന്നു. ഇന്നലെ പറഞ്ഞിരുന്നതനുസരിച്ച് തൊഴുപ്പാടൻ കത്തനാർ ഇവിടെ വരുമെന്നുള്ള പ്രതീക്ഷയിൽ കാത്തിരുന്നു. പക്ഷേ സന്ധ്യ വരെ കാത്തിരുന്നു ഒടുവിൽ ദീവന്നാസിയോസു മെത്രാച്ചനെ കൊച്ചിക്കു കൊണ്ടുപോയി തൊഴുപ്പാടനെ കണ്ടു കാര്യങ്ങൾ വല്ലതും പറഞ്ഞു തീർക്കാം എന്നുള്ള ഉദ്ദേശ്യത്തിൽ അവർ നമ്മോടു വിവരം അറിയിച്ചിട്ടു മെത്രാച്ചനെയുംകൊണ്ടു കൊച്ചിക്കു പോയി. തൊഴുപ്പാടന് രൂപാ കൊടുക്കണമെന്നുള്ള അയാളുടെ അഭിപ്രായത്തെപ്പറ്റിയും ശരിയായി അന്വേഷിച്ചറിയണമെന്നും മറ്റുമുള്ള കാര്യങ്ങൾ നാം മെത്രാച്ചനോടു പറഞ്ഞയച്ചു. വേറെ വിശേഷമൊന്നുമില്ല.

ഡിസംബർ 2 ബുധൻ. അയ്യംപള്ളി. രാവിലെ സേവേറിയോസ് മെത്രാച്ചൻ ഇവിടുത്തെ കാര്യങ്ങളും ഇവിടെ വികാരിയെ നിയമിക്കുന്ന കാര്യങ്ങളുമെല്ലാം നമ്മോടു പറഞ്ഞു. ഉച്ച കഴിഞ്ഞു അദ്ദേഹത്തിന് കരിങ്ങാശ്ര പള്ളിയിൽ പോകണമെന്നും നാം ഇവിടെ നിന്നും പോകുന്നതിനു മുമ്പ് ഇവിടെ വന്നുകൊള്ളാമെന്നും പറയുകയുണ്ടായി. ഉച്ചഭക്ഷണം കഴിഞ്ഞു അദ്ദേഹം കരിങ്ങാശ്രയ്ക്കു പോയി. ഡോക്ടർ കെ. സി. പോളും നമ്മെ വന്നു കണ്ടു വേണ്ട മരുന്നുകൾ ചെയ്യുന്നുണ്ട്. വെണ്ണിക്കുളത്തുകാരൻ കക്കുടിയിൽ ജോർജ് കുര്യൻ കത്തനാർ ഇവിടെ വന്നു നമ്മെ കാണുകയും അയാൾ പേർഷ്യായ്ക്കു പോകുന്ന കാര്യം പറയുകയുമുണ്ടായി. അയാൾ ഈ മാസം 7-നു പോകുകയാണ്. പേർഷ്യായിൽ നമ്മുടെ ഇടവകയായിട്ടു രൂപീകരിക്കത്തക്കവണ്ണം ഒരു സ്ഥാപനകല്പന കൊടുക്കണമെന്നു പറഞ്ഞതനുസരിച്ചു നാം ഒരു കല്പന കൊടുത്തു. കൂടാതെ മൂറോൻ എടുക്കത്തക്കവണ്ണം മൂറോൻ അലമാരിയുടെ താക്കോലും നാം കൊടുത്തയച്ചു. അയാളുടെ അപേക്ഷപ്രകാരം പേർഷ്യായിലേക്കു നാം ഒരു ധൂപക്കുറ്റി സമ്മാനമായി അയാളുടെ കയ്യിൽ കൊടുത്തയച്ചു. അയാൾ യാത്ര പറഞ്ഞു പോയി.

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു.

കുന്നക്കുരുടിയിൽ നിന്നും നാരകത്തു പൗലോസ് കത്തനാരും ഒരാളും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും കുന്നക്കുരുടി കാര്യം ഇതുവരെയും ഗ്രീഗോറിയോസ് മെത്രാച്ചൻ ഒന്നും തീർക്കുന്നില്ലെന്നും ആയതുകൊണ്ടു അവർ വല്ലാതെ വിഷമിക്കുന്നുണ്ടെന്നും, എങ്ങനെയെങ്കിലും നാം അതു തീർത്തു കൊടുക്കണമെന്നും അപേക്ഷിച്ചു. അവരുടെ കാര്യം തീർക്കുന്നതിന് നാം മെത്രാച്ചനോടു ഇവിടെ വച്ചു പറഞ്ഞപ്പോൾ നാമോ നാം നിയമിക്കുന്ന ആരെങ്കിലുമോ തീർക്കുന്നതു സന്തോഷമാണെന്നു പറഞ്ഞിട്ടുണ്ടെന്നു നാം അവരോടു പറഞ്ഞു. നാം അവിടെ ചെല്ലണമെന്ന് അവർ പറഞ്ഞു. നമുക്കതു വലിയ പ്രയാസമാണെന്നു പറഞ്ഞപ്പോൾ വേറെ ആരെയെങ്കിലും ആക്കിയാലും മതി എന്ന് അവർ സമ്മതിച്ചതനുസരിച്ച് നാം അത്താനാസിയോസു മെത്രാച്ചൻ അവരുടെ കാര്യം ഗ്രീഗോറിയോസ് മെത്രാച്ചനോടു (ആലുവ) കൂടി ആലോചിച്ചിട്ടു എത്രയും പെട്ടെന്നു തീർക്കുന്നതിനു നാം കല്പന കൊടുത്തയച്ചു. വേറെ വിശേഷമൊന്നുമില്ല.

ഡിസംബർ 3 വ്യാഴം. അയ്യംപള്ളി. ഇന്ന് പ്രത്യേകിച്ചു വിശേഷമൊന്നുമില്ല. ഡോക്ടർ കെ സി. പോൾ വന്നു നമ്മെ കാണുന്നുണ്ട്. ഈ മാസം 28-നു കഴിഞ്ഞു മാത്രം ഇവിടെ നിന്നും മടങ്ങിയാൽ മതിയെന്നാണ് അവരുടെ നിർബ്ബന്ധം. നാളെ മർത്ത ബർബാറയുടെയും മർത്ത യൂലിയാനായുടെയും ഓർമ്മയാണ്. രണ്ടാം കാതോലിക്കായുടെയും ഓർമ്മയാണ്.

ഡിസംബർ 4 വെള്ളി. അയ്യംപള്ളി. രാവിലെ നമ്മുടെ കൂടെയുള്ള കോശി കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം സംബന്ധിച്ചു. മർത്ത ബർബറായുടെയും മർത്ത യൂലിയാനായുടെയും ഓർമ്മയാണ്. കൂടാതെ വാകത്താനത്തെ രണ്ടാമത്തെ കാതോലിക്കായുടെയും ഓർമ്മയാണ്. കുർബ്ബാന കഴിഞ്ഞു അദ്ദേഹത്തിനുവേണ്ടി പ്രത്യേക ധൂപപ്രാർത്ഥന നടത്തി. അനന്തരം മർത്ത ബർബറായെക്കുറിച്ചും മർത്ത യൂലിയാനായെക്കുറിച്ചും നാം പ്രസംഗിച്ചു. ധാരാളം ആളുകൾ വി. കുർബ്ബാനയിൽ സംബന്ധിച്ചു. നമ്മുടെ കല്പനപ്രകാരം പാറമ്മേൽ കുറിയാക്കോസു കത്തനാരും ആർത്താറ്റു പള്ളി ഇടവകക്കാരിൽ ഏതാനും പേരും കൂടെ ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. ഇടവകക്കാർ അവരുടെ സങ്കടം നമ്മെ അറിയിച്ചു. അവർക്കു ആർത്താറ്റു പള്ളി കമ്മറ്റിയിലും മറ്റും സ്ഥാനമില്ലെന്നും മറ്റും പറഞ്ഞു. ഉച്ചയോടു കൂടി കുന്നംകുളത്തെ ബാക്കി കത്തനാരന്മാരും കമ്മിറ്റി അംഗങ്ങളും കൂടി കാക്കശ്ശേരിൽ ജോസഫ് കത്തനാരുമായി ഇവിടെ വന്നു നമ്മെ കണ്ടു. അവരിൽ ഒരാൾ പോയി കരിങ്ങാച്ചിറ പള്ളിയിൽ നിന്നും സേവേറിയോസ് മെത്രാച്ചനെ കൊണ്ടുവന്നു. ഉച്ചകഴിഞ്ഞു മെത്രാച്ചനും നാമും കൂടെ ഇരുന്നു രണ്ടു കൂട്ടരുടെയും വാദങ്ങളും മറ്റും കേട്ടു. രണ്ടു കൂട്ടരും ഹർജി തരികയും ചെയ്തു. പൊതുയോഗത്തിന്റെ തീരുമാനത്തിനു വിരുദ്ധമായി പാറമ്മേൽ കത്തനാർ പ്രവർത്തിച്ചു എന്നുള്ളതാണു പ്രധാന ചാർജ്. നാം അതെക്കുറിച്ചു അയാളോടു ചോദിച്ചു. ഒടുവിൽ മെത്രാച്ചൻ അവരെയും കൊണ്ടു മാറിയിട്ടു ആവലാധികളെല്ലാം കേട്ടു ഒത്തുതീർപ്പിലെത്തി നമ്മെ വന്നു വിവരം അറിയിച്ചു. അടുത്ത ഒരു പൊതുയോഗം വരെ ഇപ്പോൾ ചെയ്തിരിക്കുന്ന തീരുമാനം അനുസരിച്ച് നടന്നുകൊള്ളണമെന്നും പട്ടക്കാർ എല്ലാവരും മാറി മാറി ഓരോ പള്ളികളിലും ഊഴം നടത്തണമെന്നും മറ്റുമാണു തീരുമാനം ചെയ്തത്. തീരുമാനങ്ങൾക്കെല്ലാം കല്പന കൊടുത്തു വേണ്ടതുപോലെ പ്രവർത്തിക്കണമെന്ന് നാം മെത്രാച്ചനോടു പറഞ്ഞു. സന്ധ്യ കഴിഞ്ഞു മെത്രാച്ചനും അവരെല്ലാവരും കരിങ്ങാശ്രയ്ക്കു പോയി. നാം തിരിച്ചു പോകുന്നതിനു മുമ്പായി മെത്രാച്ചൻ ഇവിടെ വന്നുകൊള്ളാമെന്നും പറഞ്ഞു. അനന്തരം ദീവന്നാസിയോസ് മെത്രാച്ചനും കൊച്ചി ഇടവകക്കാരും കൂടെ ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. മെത്രാച്ചൻ തൊഴുപ്പാടൻ കത്തനാരെ കണ്ടു കൊച്ചി കാര്യങ്ങൾ തീർക്കാൻ പോയതാണ്. മെത്രാച്ചൻ രണ്ടു ദിവസത്തിൽ കൂടുതൽ കൊച്ചിയിൽ താമസിക്കുകയായിരുന്നു. തൊഴുപ്പാടൻ കത്തനാരെ കണ്ടു പറഞ്ഞ കാര്യങ്ങളെല്ലാം പറഞ്ഞു. അതായത് അയാൾക്കു ആറായിരത്തിൽപരം രൂപാ ചെല

വായിട്ടുണ്ടെന്നും അതു കൊടുക്കണമെന്നും അല്ലാതെ കൊച്ചിക്കോട്ടയിലെയും മട്ടാഞ്ചേരിയിലെയും പള്ളികൾ വിട്ടുതരുവാൻ പ്രയാസമാണെന്നും അയാൾ പറഞ്ഞെന്നും മറ്റും പറഞ്ഞു. അദ്ദേഹം വളരെ പരിശ്രമിച്ചതിന്റെ ശേഷമാണ് അയാൾ ഇത്രമാത്രമെങ്കിലും സമ്മതിച്ചതെന്നും പറഞ്ഞു. കൂടാതെ നമ്മുടെ പേർക്കെഴുതി തന്നാലും നാം തന്നെ ഭരിക്കുകയല്ലാതെ സേവേറിയോസ് മെത്രാച്ചനെ ഏല്പിക്കരുതെന്നും അയാൾ അപേക്ഷിച്ചു. രണ്ടു മൂന്നു മാസം കൂടെ അയാൾ അവിടെത്തന്നെ തുടരുന്നതിനു അനുവദിക്കണമെന്നും പറഞ്ഞു. ഏതായാലും തിങ്കളാഴ്ച ഡോക്ടർ ചാക്കോ ജോർജ് കൂടെ വന്നിട്ടു കാര്യങ്ങൾ പറഞ്ഞു തീർക്കാമെന്നും അയാൾ പറഞ്ഞതായി മെത്രാച്ചൻ പറഞ്ഞു. (കൊച്ചീ) കോട്ടയിലെ പള്ളി പുതുക്കിപ്പണിയുകയും ഒരു കാതോലിക്കാഅരമന പണിയണമെന്നും അത് അത്യാവശ്യ കാര്യമാണെന്നും മെത്രാച്ചൻ നമ്മോടു പറഞ്ഞു. കൊച്ചിയിലെ നമ്മുടെ ആളുകളുടെ ഉത്സാഹത്തെയും അവരുടെ സഭയോടുള്ള വിശ്വാസത്തെയും സ്നേഹത്തെയുംപറ്റി മെത്രാച്ചൻ പറഞ്ഞു. അവർക്കു ആറായിരം രൂപാ കൊടുക്കുന്നതിനുള്ള കഴിവില്ലെന്നും പുതുതായി അവർ വാങ്ങിച്ചിട്ടുള്ള ഒരു സ്ഥലമുണ്ടെന്നും അതു വിറ്റു ബാക്കി രൂപാ കൂടെ ഉണ്ടാക്കിക്കൊടുക്കാമെന്നുമാണു അവർ ഉദ്ദേശിക്കുന്നതെന്നും പറഞ്ഞു. അനന്തരം കൊച്ചിക്കാർ തിരിച്ചുപോയി. മെത്രാച്ചൻ ഇവിടെ താമസിക്കുന്നു. വേറെ വിശേഷമൊന്നുമില്ല. മെത്രാച്ചൻ നാളെ തിരുവല്ലായ്ക്കു പോകാൻ ഉദ്ദേശിക്കുന്നു എന്നും പറഞ്ഞു.

5 ശനി. അയ്യംപള്ളി. രാവിലെ കാപ്പി കഴിഞ്ഞു. ദീവന്നാസിയോസ് മെത്രാച്ചൻ തിരുവല്ലയ്ക്കു പോയി. ഡോക്ടർ ചാക്കോ ജോർജ് തിങ്കളാഴ്ച വന്ന് കൊച്ചിക്കാര്യങ്ങളെല്ലാം തീർക്കത്തക്കവണ്ണം പറഞ്ഞിരിക്കുകയാണ്. ദീവന്നാസിയോസു മെത്രാച്ചനും സൗകര്യമുണ്ടെങ്കിൽ ചൊവ്വാഴ്ച ഇവിടെ വരാം എന്നു പറഞ്ഞു പോയി. ഉച്ചകഴിഞ്ഞ് കോനാട്ട് അബ്രഹാം കത്തനാരും ചെമ്മങ്കുഴ കത്തനാരും കോലഞ്ചേരിക്കാരൻ ചാക്കോപ്പിള്ളയും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. കണ്ടനാട് ഭദ്രാസന മീറ്റിംഗ് കൂടിയകാര്യവും പൗലോസ് പീലക്സിനോസ് മെത്രാൻ മുഖാന്തിരം ഉണ്ടായ കുഴപ്പങ്ങളും അതു മൂലം മീറ്റിംഗ് പിരിച്ചുവിടേണ്ടതായി വന്നു എന്നും മറ്റുമുള്ള കാര്യങ്ങൾ തീമോത്തിയോസ് മെത്രാച്ചൻ എഴുതി റിപ്പോർട്ടു കൊടുത്തയച്ചു. കൂടാതെ കണ്ടനാട് ഭദ്രാസനത്തിൽ നിന്നുമുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ ഒപ്പോടുകൂടെയുള്ള ഒരു അപേക്ഷയും അവർ തരികയുണ്ടായി. കണ്ടനാട് ഭദ്രാസനത്തിന്റെ മീറ്റിംഗിന്റെ കാര്യങ്ങളും കുഴപ്പങ്ങളും പറയുകയും ആയതുകൊണ്ടു നാം നേരിട്ടു വേണ്ട കാര്യങ്ങൾ പ്രവർത്തിക്കണമെന്നും ആണ് അപേക്ഷിച്ചത്. പീലക്സിനോസ് മെത്രാന്റെ നിലപാടും അതു മൂലം സഭയ്ക്കുണ്ടായിട്ടുള്ള കുഴപ്പങ്ങളും അതിനെ എത്രയും പെട്ടെന്നു അമർച്ച ചെയ്യേണ്ടതിന്റെ ആവശ്യത്തെയും കുറിച്ച് അവർ പറഞ്ഞു.

മാനേജിംഗ് കമ്മിറ്റിയോ സുന്നഹദോസോ കൂടി വേണ്ട കാര്യങ്ങൾ ചെയ്യണമെന്നും അപേക്ഷിച്ചു. അനന്തരം അവർ പോയി. കൂറിലോസ് മെത്രാച്ചന്റെ ഒരു എഴുത്ത് നമുക്കു കിട്ടി. അതിൽ യൂലിയോസ് മെത്രാച്ചന്റെ സഹകരണത്തോടു കൂടി കൊല്ലം ഭദ്രാസനത്തിൽ പ്രവേശിച്ചു പൗലോസ് പീലക്സിനോസ് മെത്രാച്ചൻ തീരെ പഠിപ്പോ സ്വഭാവമോ ഇല്ലാത്ത ചെറുപ്പക്കാർക്ക് പട്ടം കൊടുത്തു സഭയെ ദ്രോഹിക്കുന്നു എന്നുള്ള കാര്യങ്ങൾ എഴുതിയിട്ടുണ്ട്. കൊട്ടാരക്കര കോശി വാദ്ധ്യാർ നമുക്ക് എഴുതി. ആ എഴുത്തിലും കൊട്ടാരക്കര ഒരു കൊച്ചനെ ഈയിടെ പട്ടം കൊടുത്തതുകൊണ്ടു ഹിന്ദുക്കൾ പോലും നമ്മുടെ സഭയെക്കുറിച്ചു ആക്ഷേപം പറയുന്നു എന്നുള്ള കാര്യങ്ങൾ വളരെ സങ്കടമായിട്ടു എഴുതിയിരുന്നു. ഇങ്ങനെ പല കാര്യങ്ങളാലും പീലക്സിനോസ് മെത്രാൻ സഭയെ ദ്രോഹിക്കുന്നു എന്നു നമുക്കും ആളുകൾക്കും ബോധ്യമായിരിക്കുന്നു. വേറെ വിശേഷമൊന്നുമില്ല. നാളെ യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ ഞായറാഴ്ചയാണ്. സുഖമുണ്ടെങ്കിൽ നാളെ നാം വി. കുർബ്ബാന ചൊല്ലണമെന്നു ആഗ്രഹിക്കുന്നു.

6. ഞായർ. അയ്യംപള്ളി. യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ ഞായറാഴ്ച. നാം രാവിലെ സെന്റ് ജോൺസ് പള്ളിയിൽ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ ഇന്നത്തെ പെരുന്നാളിനെക്കുറിച്ചു പ്രസംഗിച്ചു. യോഹന്നാൻ സ്നാപകനെപ്പോലെയുള്ള മക്കളെ സഭയ്ക്കു കൊടുക്കണമെന്നു മാതാപിതാക്കളോടു പറയുകയും ചെയ്തു.

നാളെയോ മറ്റന്നാളോ നാം തിരിച്ചു കോട്ടയത്തിനു പോകാൻ ഉദ്ദേശിക്കുന്നു എന്നും ഇനിയും നിങ്ങളെ വന്നു കാണാൻ ഒക്കുമോ എന്നു നാം സംശയിക്കുന്നു എന്നും പറഞ്ഞ് ആശീർവാദം കൊടുത്തു. നാം നാളെയോ മറ്റോ പോകുന്നു എന്നു പറഞ്ഞതിൽ ഇവിടെയുള്ളവർക്കെല്ലാം വലിയ വിഷമമായിട്ടു അവർ ഒരാഴ്ച കൂടെയെങ്കിലും ഇവിടെ താമസിക്കണമെന്നു നമ്മോടു ഡോക്ടർ കെ. സി. പോളും മേക്കര ജോണും ബാക്കി എല്ലാവരും അപേക്ഷിച്ചു. അതിനോടകം ചെറായിയിലെ വഴക്കു കൂടെ തീർക്കണമെന്നും അവർ പറയുകയുണ്ടായി. ഉച്ച കഴിഞ്ഞു പൂവന്തറ മത്തായി കത്തനാർ നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. ഇവിടെ തെക്കുവശത്തുള്ള മുൻ പാത്രിയർക്കീസു പക്ഷത്തെ ചാപ്പലിൽ ചൊല്ലുന്ന കത്തനാരാണ്. തൃപ്പൂണിത്തുറ പള്ളിക്കാര്യങ്ങളും അയാൾ പറയുകയുണ്ടായി. പട്ടശ്ശേരിൽ പൗലോസ് മാപ്പിള എന്ന ഒരാൾ ധാരാളം ലഘുലേഖകൾ അച്ചടിച്ച് സഭയ്ക്കു വിരോധമായി പ്രസിദ്ധം ചെയ്യുന്നുണ്ട്. ഇപ്പോൾ കുന്നംകുളം സിംഹാസനപള്ളിയെക്കുറിച്ചാണ് ലഘുലേഖ എഴുതുന്നതെന്നും പറഞ്ഞു. അനന്തരം അയാൾ പോയി. കൊച്ചിയിൽ നിന്നും കളത്ര യാക്കോബ് കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങൾ ഒക്കെ പറഞ്ഞു. കൊച്ചിയിലെ കാര്യങ്ങളെല്ലാം തീർക്കുന്ന കാര്യത്തിനു വിവരം അറിയിക്കാൻ വന്നതാണ്. അയാൾ കൊച്ചിയ്ക്കു പോയി. വേറെ വിശേഷമൊന്നുമില്ല.

7 തിങ്കൾ. അയ്യംപള്ളി. ഇന്നു രാവിലെ നമ്മുടെ പി. വി. കോശി കത്തനാർ വി. കുർബ്ബാന ചൊല്ലി. കോഴിക്കോട്ടു വച്ചു മരിച്ചുപോയ ഒരാളുടെ പേർക്ക് 41 ദിവസത്തേക്കു വി. കുർബ്ബാന ചൊല്ലിക്കണമെന്നുള്ള ആഗ്രഹത്തിൽ അപേക്ഷിക്കുകയും ആയതിനു ഇവിടെ പട്ടക്കാരൻ ഇല്ലാത്തതുകൊണ്ടു കോശി കത്തനാർ പോകുന്നതുവരെ ചൊല്ലുന്നതിനും അതു കഴിഞ്ഞു മനപ്പള്ളിയിൽ നിന്നും ജോസഫു കത്തനാരെ വിളിച്ചു ചൊല്ലിച്ചുകൊള്ളുവാനും പറഞ്ഞു. കളത്ര യാക്കോബ് കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. ഇന്നു തൃശൂർ നിന്നു ഡോ. ചാക്കോ ജോർജ് വരുമെന്നറിഞ്ഞുകൊണ്ട് വന്നതാണ്. സന്ധ്യയ്ക്കു മുമ്പായി ഡോ. ചാക്കോ ജോർജും പൗലോസ് ജഡ്ജിയും കൂടെ തൃശൂരിൽ നിന്നും നമ്മെ കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ കാര്യത്തിനു ആലോചന ചെയ്യാനായി പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും മറ്റും ചേർന്നുള്ള കമ്മിറ്റി ആലുവായിൽ വച്ച് കൂടിയെന്നും അതിൽ വച്ച് ഈ മാസം 29-നു കമ്മറ്റിയുടെ ഒരു യോഗം കോട്ടയത്തു വച്ചു നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി വേണ്ടതായ തീരുമാനം എടുക്കണമെന്നും മറ്റും നിശ്ചയിച്ചു പിരിഞ്ഞതായി അവർ നമ്മോടു പറഞ്ഞു.

യൂലിയോസ് മെത്രാച്ചന്റെ സഹകരണത്തോടു കൂടി കൊല്ലം ഭദ്രാസനത്തിൽ പ്രവേശിച്ചു പൗലോസ് പീലക്സിനോസ് മെത്രാച്ചൻ തീരെ പഠിപ്പോ സ്വഭാവമോ ഇല്ലാത്ത ചെറുപ്പക്കാർക്ക് പട്ടം കൊടുത്തു സഭയെ ദ്രോഹിക്കുന്നു എന്നുള്ള കാര്യങ്ങൾ എഴുതിയിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റിൽ നിന്നും കോളജിന്റെ ആവശ്യത്തിനു എടുത്തിട്ടുള്ള ഒരു ലക്ഷം രൂപായുടെ ലോൺ, ആ പണം ദുരുപയോഗപ്പെടുത്തി നഷ്ടമാക്കിയതുകൊണ്ട് ആ പണം തിരികെ കൊടുക്കണമെന്നുള്ള ഗവൺമെന്റിന്റെ ഉത്തരവു മൂലമാണ് അതെപ്പറ്റി ആലോചിക്കുവാൻ ഇങ്ങനെ ഒരു മീറ്റിംഗ് കൂടത്തക്കവണ്ണം നാം അവരെ അധികാരപ്പെടുത്തിയത്. അക്കാര്യത്തിൽ എന്തെങ്കിലും പോംവഴി ഉണ്ടാക്കി അവധിക്ക് അപേക്ഷിക്കണമെന്നു അവർ അറിയിച്ചു. കൂടാതെ കൊച്ചിയിലെ കാര്യത്തിന് നാളെ തൊഴുപ്പാടൻ കത്തനാരെ വരുത്തി പറഞ്ഞു തീർക്കണമെന്നും പറഞ്ഞു. കളത്ര യാക്കോബ് കത്തനാരും വന്നിരുന്നു. ഡോക്ടറുടെ അഭിപ്രായം അറിഞ്ഞുകൊണ്ടു അയാളും കൊച്ചിക്കു പോയി. എന്നാൽ രാത്രി 9 മണി കഴിഞ്ഞു കൊച്ചി ഇടവകക്കാർ രണ്ടുപേർ ഇവിടെ വന്നു നമ്മെ കാണുകയും യൂലിയോസ് മെത്രാൻ തൊഴുപ്പാടൻ കത്തനാരുടെ പേർക്കയച്ചുകൊടുത്ത ഒരു കല്പനയുടെ പകർപ്പ് (492-ാം നമ്പർ) നമ്മെ കാണിക്കുകയും ചെയ്തു. അതിൽ നാമും അനുയായികളും കൂടെ കൊച്ചി പള്ളി കൈയേറുവാൻ ശ്രമിക്കുന്നതായി അറിഞ്ഞെന്നും നമുക്കു യാതൊരു അധികാരവും ആ പള്ളികളിന്മേൽ ഇല്ലെന്നും ആയതുകൊണ്ടു ഒട്ടും ഭയപ്പെടാതെ കേസു തന്നെ നടത്തുന്നതിനും അധികാരപ്പെടുത്തിയിട്ടുണ്ട്. ഏതായാലും ഡോക്ടർ ചാക്കോ ജോർജിനെ കൂടെ ഈ പകർപ്പു കാണിച്ചിട്ടു വേണ്ടതു ചെയ്യാമെന്നു നാം പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

(തുടരും)

ലേഖനം

കേരള നവോത്ഥാനം: തമസ്ക്കരിക്കപ്പെട്ട മലങ്കര നസ്രാണികൾ

ഡോ. എം. കുര്യൻ തോമസ്

ഇന്ത്യയിൽ നവോത്ഥാനത്തിന്റെ (Renaissance) ഏറ്റവുമുയർന്ന മധുരഫലങ്ങൾ അനുഭവിക്കുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് കേരളം. *മാനവ വികസന സൂചികയി*ലെ (Human Development Index) കേരളത്തിന്റെ സ്ഥാനം തന്നെയാണ് അതിന്റെ പ്രത്യക്ഷലക്ഷണം. പ്രതീക്ഷിക്കുന്ന ആയുർദൈർഘ്യം, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ശരാശരി വർഷങ്ങൾ, പ്രതിശീർഷ വരുമാനം, ജീവിത നിലവാരം എന്നിവയിൽ അധിഷ്ഠിതമായ ഒരു സംയോജിത സൂചികയാണ് ഇത്.

കേരളത്തിലെ ചില പ്രസ്ഥാനങ്ങൾ ഇന്ന് ബോധപൂർവം പ്രചരിപ്പിക്കുന്നതുപോലെ സ്വാതന്ത്ര്യാനന്തരകാലത്ത് അവർ നടത്തിയ രാഷ്ട്രീയ ഇടപെടലുകൾ കൊണ്ടല്ല കേരള നവോത്ഥാനം ഉണ്ടായത്. അത് സ്വാതന്ത്ര്യ-പൂർവകാലത്ത് കേരളത്തിലെ ഭരണകൂടങ്ങൾ - വിശിഷ്യാ തിരുവിതാംകൂർ - വിദ്യാഭ്യാസത്തിനു നൽകിയ ഊന്നൽ മൂലമാണ്. വിദ്യാഭ്യാസത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കിയത് കേരളത്തിലെ ക്രൈസ്തവ സഭകളും ചില സാമുദായിക സംഘടനകളുമാണ്. ഇന്ന് വർത്തമാന കേരളത്തിന്റെ യഥാർത്ഥ സമ്പത്ത് വിദ്യാഭ്യാസമുള്ള ജനങ്ങളാണ്.

ഒരു നൂറ്റാണ്ടിലധികമായി അടിസ്ഥാന വിദ്യാഭ്യാസം നേടിയ, നവോത്ഥാനം സംഭാവന ചെയ്ത വിശാലമായ ലോകവീക്ഷണമുള്ള മലയാളികൾ, വിശിഷ്യ വിദഗ്ദ-അർത്ഥവിദഗ്ദ തൊഴിലാളികൾ, മുഖ്യമായും കേരളത്തിന്റെ നാലതിരുകൾക്കു പുറത്ത്, ഒഴുക്കിയ വിയർപ്പാണ് കേരളത്തിന്റെ ഇന്നത്തെ ഉയർന്ന ജീവിത നിലവാരത്തിനു കാരണം. ഇതിന്റെ അടിസ്ഥാനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ കേരളത്തിൽ, വിശിഷ്യാ മദ്ധ്യ-ഉത്തര തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന വിദ്യാഭ്യാസ വിപ്ലവമാണ്. യാഥാസ്ഥിതികത്വത്തിന്റെ പരിമിതപ്പെടുത്തലുകൾ കൊടികുത്തിവാണിരുന്ന അക്കാലത്ത് അടിസ്ഥാന വിദ്യാഭ്യാസത്തിലേയ്ക്ക് ജനങ്ങളെ ആകർഷിച്ച മുഖ്യ ഘടകങ്ങളിലൊന്ന് *വിദ്യാഭ്യാസം വീട്ടുമുറ്റത്ത്* എന്ന മുദ്രാവാക്യവുമായി *ഇടവക തോറും, കരതോറും, മുറിതോറും* പള്ളിക്കൂടങ്ങൾ സ്ഥാപിച്ച യഥാർത്ഥ നസ്രാണികളാണ്.

കേരള നവോത്ഥാനം തങ്ങളുടെ മാത്രം സൃഷ്ടി എന്ന ചരിത്രം സൃഷ്ടിക്കാൻ വെമ്പൽകൊള്ളുന്നവർ സ്വാതന്ത്ര്യ-പൂർവ കേരളത്തിൽ വിദ്യാഭ്യാസപരമായി ഏറ്റവും മുന്നിട്ടുനിന്ന മദ്ധ്യ-ഉത്തര തിരുവിതാംകൂറിലും കൊച്ചിയിലും അത് സാധിതപ്രായമാക്കിയ *പുത്തൻകൂർ സുറിയാനിക്കാർ* എന്ന് അന്ന് അറിയപ്പെട്ടിരുന്ന യഥാർത്ഥ മലങ്കര നസ്രാണികളുടെ പങ്ക് പൂർണ്ണമായും തമസ്ക്കരിച്ചു.

19-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ കേരളത്തിലെ ഭരണസംവിധാനങ്ങളിലുണ്ടായ സമഗ്രമാറ്റമാണ് വിദ്യാഭ്യാസമുള്ള പ്രജകളുടെ ആവശ്യം സൃഷ്ടിച്ചത്. പുതിയ സംവിധാനത്തിൽ ഭരണകൂടം ചലിപ്പിക്കുവാൻ ഇത്തരക്കാർ അനിവാര്യമായിരുന്നു. ഈ ലക്ഷ്യത്തോടെയാണ് 1817-ൽ തിരുവിതാംകൂറിലെ റീജന്റ് മഹാറാണി ഗൗരി പാർവതിഭായി, *...രാജ്യത്തിന്റെ പിന്നോക്കാവസ്ഥ മറികടക്കുവാനും പുരോഗതിക്കും സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനുള്ള ചിലവ് സർക്കാരിന്റെ ഉത്തരവാദിത്വമാണന്നു...* വിളംബരം പുറപ്പെടുവിച്ചത്. പ്രായോഗികമായി കാര്യമായ ചലനങ്ങളൊന്നും ഈ വിളംബരത്തിനു സൃഷ്ടിക്കാൻ സാധിച്ചില്ലായെങ്കിലും അതോടെ ജാതിയും ധനവും മാത്രം പരിമിതമായി ലഭ്യമാക്കിയിരുന്ന *വിദ്യാഭ്യാസം* എന്ന പ്രക്രിയ പൊതുസ്വത്തായി മാറി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽതന്നെ അന്ന് *പുത്തൻകൂർ*



സുറിയാനിക്കാർ എന്നറിയപ്പെട്ടിരുന്ന യഥാർത്ഥ നസ്രാണികൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ ദർശനവും കർമ്മ പദ്ധതിയുമുണ്ടായിരുന്നു. രാജകീയ വിളംബരത്തിനു മുമ്പ് 1816-ൽത്തന്നെ നസ്രാണികൾക്ക് ഇടവക പള്ളികൾ കേന്ദ്രീകരിച്ച് പ്രാഥമിക പാഠശാലകൾ ഉണ്ടായിരുന്നതായി കേണൽ മൺറോ സൂചന നല്കുന്നുണ്ട്. ഇവയുടെ കൃത്യമായ സ്വഭാവം അറിയില്ലായെങ്കിലും പരിമിത ഇടവകപ്പള്ളികളെങ്കിലും *ആശാന്* വേതനവും പഠനസ്ഥലവും നൽകി അടിസ്ഥാന വിദ്യാഭ്യാസത്തിനുള്ള അവസരം പൊതുവായി നൽകി എന്നനുമാനിക്കാം. അക്കാലത്തെ നാട്ടുനടപ്പനുസരിച്ച് ഒരു സ്വകാര്യ അദ്ധ്യാപകനെ സംരക്ഷിക്കുവാൻ വേണ്ട സാമ്പത്തിക ഭദ്രതയില്ലാത്ത കുടുംബങ്ങൾക്ക് ഇത് തീർച്ചയായും പ്രയോജനപ്രദമായിരുന്നു.

വിദ്യാഭ്യാസ സംവിധാനത്തേക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഇക്കാലത്തൊക്കെ നസ്രാണികൾക്ക് ഉണ്ടായിരുന്നു. 1835-ൽ *...എല്ലാ സുറിയാനി പള്ളികളിലും സ്കൂളുകൾ വ്യാപിപ്പിക്കുന്നതിനു എങ്ങനെ കഴിയും...* എന്ന കൽക്കട്ടായിലെ ആംഗ്ലിക്കൻ ബിഷപ്പ് ഡാനിയേൽ വിത്സന്റെ ചോദ്യത്തിന് *...ഓരോ പള്ളിക്കും ഒരു സ്കൂൾ വളരെ നല്ലതാണ്. ആയിരമോ രണ്ടായിരമോ കുടുംബങ്ങളുള്ള നമ്മുടെ വലിയ പള്ളികൾക്ക് ഒരു സ്കൂൾ പര്യാപ്തമാകില്ല...* എന്ന ചേപ്പാട് മാർ ദീവന്നാസ്യോസ് നാലാമൻ മലങ്കര മെത്രാപ്പോലീത്തായുടെ മറുപടി, വിദ്യാഭ്യാസ ദർശനത്തിന്റെ പ്രായോഗികതയിൽ ഊന്നിയുള്ളതാണ്.

1853-ൽ കോട്ടയം പഴയ സെമിനാരിയിൽ കൂടിയ മലങ്കര പള്ളിയോഗം അടിസ്ഥാന വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്നത് ഇടവക പള്ളികളുടെ നിയമപരമായ ഉത്തരവാദിത്വമാക്കി. അന്നു പാസക്കിയ പള്ളിഭരണത്തെക്കുറിച്ചുള്ള *ചട്ടവര്യോലയിലെ* 78-മത് നിയമം താഴെ പറയുംപ്രകാരമാണ്:

> ...പള്ളികൾതൊറും, മുറികൾതൊറും, പള്ളികുടം വച്ച പൈതങ്ങളെ പടിപ്പിയ്ക്കുന്നതിന്ന, ആശാൻമ്മാർക്കു വെണ്ടുന്ന ശമ്പളം പൈതങ്ങളുടെ വീടുകളിൽനിന്നും, ഭക്തിയുള്ള ജനങ്ങളിൽനിന്നും വരുത്തി കൊടുക്കുന്നതിന്ന, വിഗാരിമാര വിചാരിയ്ക്കയും, ശമ്പളത്തിനു പൊരാതെവന്നാൽ പള്ളികളിൽനിന്നും കൂടെകൊടുത്ത, പറ്റുശീട്ടുംപടി ചിലവ എഴുതികൊൾകയും ചെയ്യണം...

ഈ നിശ്ചയപ്രകാരം എത്ര ഇടവകപ്പള്ളികളിൽ പള്ളിക്കൂടം സ്ഥാപിച്ചു എന്നറിയാൻ ഇന്നു മാർഗ്ഗമൊന്നുമില്ല. സ്ഥാപനത്തിനും നടത്തിപ്പിനും വരുന്ന ഭാരിച്ച ചിലവുമൂലം അധികമൊന്നും കാണാൻ സാദ്ധ്യതയില്ല. പക്ഷേ ഈ തീരുമാനം നസ്രാണികളുടെ മുമ്പോട്ടുള്ള വിദ്യാഭ്യാസ ദർശനത്തിന്റെ അടിസ്ഥാനമായി മാറി.

19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇംഗ്ലീഷിലും മലയാളത്തിലും ആധുനിക വിദ്യാഭ്യാസം നേടിയവരുടെ ആവശ്യം സർക്കാർ-സ്വകാര്യ മേഖലകളിൽ വർദ്ധിച്ചുകൊണ്ടിരുന്നു. സർക്കാരിനേക്കൊണ്ടു മാത്രം ആവശ്യത്തിനു സ്കൂളുകൾ സ്ഥാപിച്ചു നടത്തുവാൻ സാധിക്കുകയില്ലാ എന്ന തിരിച്ചറിവിനെത്തുടർന്ന് 1869-ൽ തിരുവിതാംകൂർ സർക്കാർ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പള്ളിക്കൂടങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചു. ഈ അനുകൂല സാഹചര്യം ഉപയോഗിച്ച് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ നിലവിലുണ്ടായിരുന്ന കുടിപ്പള്ളിക്കൂടങ്ങളെ കൂട്ടിച്ചേർത്ത് ഗ്രാന്റ് സ്കൂളുകളാക്കി.

ഇതേസമയം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് മാർ അത്താനാസ്യോസുമായി മത്സരിച്ചുകൊണ്ടിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായും രംഗത്തിറങ്ങി. 1879 ആയപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ മാനേജ്മെന്റിലുള്ള 60 സ്കൂളുകൾക്ക് ഗ്രാന്റ് അനുവദിച്ചു കിട്ടിയിരുന്നു! 1885-ൽ ഇവയുടെ എണ്ണം 88 ആയി ഉയർന്ന് '*നവീകരണ പക്ഷക്കാരുടെ*' സ്കൂളുകളുടെ എണ്ണത്തെ കടത്തിവെട്ടി.

നിയമാനുസൃത മലങ്കര മെത്രാൻ എന്ന നിലയിൽ മാത്യൂസ് മാർ അത്താനാസ്യോസിന് ഇടവകപ്പള്ളികളിന്മേൽ സ്വാധീനം ഉണ്ടായിരുന്നു. തന്റെ മലങ്കര മെത്രാൻ സ്ഥാനം ഉറച്ചുകിട്ടിയ 1889-ലെ സെമിനാരിക്കേസ് വിധിവരെ അത്തരം പരിരക്ഷയൊന്നുമില്ലാതെയാണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ ഈ നേട്ടം കൈവരിച്ചത് എന്നതാണ് പ്രധാനം. പൂർണ്ണമായും പ്രാദേശിക ഇടവകകളിലെ മലങ്കര നസ്രാണികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് അദ്ദേഹം ഈ സ്കൂളുകൾ കെട്ടിപ്പെടുത്തത്.

മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ സ്കൂൾ സ്ഥാപനയജ്ഞം പ്രധാനമായും രണ്ടു കാരണങ്ങൾകൊണ്ടാണ് *വിദ്യാഭ്യാസ വിപ്ലവം* ആയി മാറിയത്. അക്കാലത്ത് നിലവിലുണ്ടായിരുന്ന സാമൂഹിക വ്യവസ്ഥിതി സ്വഭവനങ്ങളിൽനിന്നും വിദ്യാഭ്യാസത്തിനായി ദൂരേയ്ക്കുപോകുന്നതിന് ഒട്ടും അനുകൂലമല്ലായിരുന്നു. ആ സാഹചര്യത്തിലാണ് വിദ്യാഭ്യാസം വീട്ടുമുറ്റത്ത് എത്തിച്ച ഈ പ്രസ്ഥാനം നിലവിൽ വരുന്നത്. അതോടെ അടിസ്ഥാന ആധുനിക വിദ്യാഭ്യാസം ഗ്രാമഗ്രാമാന്തരങ്ങളിൽപോലും അനുഭവവേദ്യമായി. സ്കൂൾ പഠനം സാമൂഹിക ജീവിതത്തിന്റെ ഒരു അനിവാര്യഘടകമായി എന്നതായിരുന്ന ഇതിന്റെ ആത്യന്തിക ഫലം. സ്കൂൾ സ്ഥാപനങ്ങളിലുള്ള പ്രാദേശിക സഹകരണവും നസ്രാണി ദേശത്ത് പള്ളിക്ക് പ്രാദേശിക സമൂഹങ്ങളിൽ ഉണ്ടായിരുന്ന അംഗീകാരവും ഇതിനു ത്വരകങ്ങളായി. ആത്യന്തികമായി ആധുനിക വിദ്യാഭ്യാസം ഈ പ്രദേശങ്ങളിലെ സംസ്ക്കാരത്തിന്റെ ഭാഗമായിമാറി. വീടുവിട്ടുള്ള ഉന്നത വിദ്യാഭ്യാസവും യാഥാസ്ഥിതിക സമൂഹത്തിലെ സ്ത്രീ വിദ്യാഭ്യാസ പ്രചാരവും ഇതിന്റെ രണ്ടാംഘട്ട ഫലങ്ങളാണ്.

ഇവിടെ കേരളത്തിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിച്ചതിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പങ്കിനെ തമസ്ക്കരിക്കുകയല്ല. പക്ഷേ അവരുടെ സംഭാവനകളെ പൊതുവായ ഒരു മാനദണ്ഡത്തിൽ പരിഗണിക്കാനാവില്ല. തെക്കൻ തിരുവിതാംകൂറിൽ, വിശിഷ്യാ ഇന്നത്തെ കന്യാകുമാരി ജില്ലയിൽ, 1817-ലെ



THE COLLEGE AT COTYAM, in Travancore.

റീജന്റ് മഹാറാണിയുടെ വിളംബരത്തിനു മുമ്പുതന്നെ അവിടെ സുവിശേഷ പ്രവർത്തനം നടത്തിയിരുന്ന ലണ്ടൻ മിഷൻ സൊസൈറ്റി (LMS) അനേകം സ്കൂളുകൾ സ്ഥാപിച്ചു തുടങ്ങിയിരുന്നു. ബ്രിട്ടീഷ് മലബാറിൽ ജർമ്മൻ പശ്ചാത്തലമുള്ള ബാസൽ മിഷനാണ് ഈ ദൗത്യം ഏറ്റെടുത്തത്. പക്ഷേ തിരുവിതാംകൂർ-കൊച്ചി സർക്കാരുകൾ നൽകിയതുപോലുള്ള സാമ്പത്തിക സഹായം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരുന്നതിനാൽ അവരുടെ പ്രവർത്തനത്തിനു പരിമിതികളുണ്ടായിരുന്നു.

നസ്രാണികൾക്ക് സഹായത്തിന്റെ ദൗത്യവുമായി (Mission of help) കേരളത്തിലെത്തിയ ചർച്ച് മിഷൻ സൊസൈറ്റിയുടെ (CMS) പ്രവർത്തനം വ്യത്യസ്ഥമായിരുന്നു. പഴയ സെമിനാരിയിലെ അദ്ധ്യാപനത്തിനു പുറമെ, കോട്ടയത്ത് ഒരു *ധർമ്മ പള്ളിക്കൂടം* സ്ഥാപിച്ചതൊഴികെ ആദ്യ രണ്ടു ദശകങ്ങളിൽ അവർ മറ്റ് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൊന്നും ഇടപെട്ടതായി കാണുന്നില്ല. 1836 -ൽ *മാവേലിക്കര പടിയോല*വഴി നസ്രാണികൾ അവരെ പുറത്താക്കിയ ശേഷമാണ് അവർ പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ പ്രവർത്തനം ആരംഭിച്ചതും ക്രമേണെ സ്കൂളുകൾ സ്ഥാപിച്ചു തുടങ്ങിയതും. നസ്രാണി ഹൃദയഭൂമി തന്നെയായിരുന്നു അവരുടെ പ്രവർത്തന മേഖലയും.

പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തിരുവിതാംകൂർ-കൊച്ചി സർക്കാരുകൾ കരമൊഴിവായോ തുഛപാട്ടത്തിനോ ധാരാളം കൃഷിഭൂമി നൽകിയിരുന്നു. അതിനു പുറമെ അവർക്ക് വിദേശ സാമ്പത്തിക സഹായവും നിർലോപമായി ലഭിച്ചിരുന്നു. ഇവ രണ്ടും നസ്രാണികൾക്ക് അപ്രാപ്യമായിരുന്നു. ഭൂമിയും നിർമ്മാണ-നിർവഹണ ചിലവുകളും അവർതന്നെ കണ്ടെത്തേണ്ടിയിരുന്നു. ഈ പ്രതികൂല സാഹചര്യങ്ങളിലും 1885-ൽ നസ്രാണികൾക്ക് 175 ഗ്രാന്റ് സ്കൂളുകൾ ഉണ്ടായിരുന്നു. പ്രൊട്ടസ്റ്റന്റ് മിഷനറിമാർക്ക് അക്കാലത്തുണ്ടായിരുന്നത് 231 സ്കൂളുകൾ മാത്രമാണെന്നു മനസിലാക്കുമ്പോഴാണ് നസ്രാണികളുടെ വിദ്യാഭ്യാസ വിപ്ലവത്തിന്റെ വ്യാപ്തി മനസിലാകുന്നത്.

ആളും അർത്ഥവുമുള്ള റോമൻ കത്തോലിക്കരുടെ വിദ്യാഭ്യാസ രംഗത്തെ സംഭാവനയും ഇക്കാലത്ത് തുലോം തുഛമായിരുന്നു. 1885-ൽ അവരുടെ മാനേജ്മെന്റിൽ ഉണ്ടായിരുന്നത് കേവലം 5 ഗ്രാന്റ് സ്കൂളുകൾ മാത്രമായിരുന്നു. അവയെല്ലാം *യൂറേഷ്യൻ ലത്തീൻ കത്തോലിക്ക*രുടേതുമായിരുന്നു. ചുരുക്കത്തിൽ 1885 വരെ കേരളത്തിന്റെ ആധുനിക വിദ്യാഭ്യാസ വളർച്ചയിൽ റോമാ-സുറിയാനിക്കരുടെ സംഭാവന വെറും വട്ടപ്പൂജ്യം!

യാഥാർത്ഥ്യം ഇങ്ങനയായിരിക്കെയാണ് ആ വർഷത്തിനു ദശാബ്ദം മുമ്പ് അന്തരിച്ച ഒരു വ്യക്തിക്ക് കേരളത്തിലെ വിദ്യാഭ്യാസ വിപ്ലവത്തിന്റെ പിതൃത്വം ചാർത്തികൊടുക്കാൻ ചിലർ വെമ്പൽ കൊള്ളുന്നത്. ഒരുപടികൂടെ കടന്ന്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഒരു പരിവർത്തിത ക്രൈസ്തവ സമൂഹത്തിനായി മതബോധന സംവിധാനം ഏർപ്പെടുത്തിയ അദ്ദേഹമാണ് പരക്കെ ഉപയോഗിക്കുന്ന *പള്ളിക്കൂടം* എന്ന വാക്കിന്റെ ഉപജ്ഞാതാവെന്നുപോലും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഇന്ന് ചിലർ തട്ടിവിടുന്നുണ്ട്. അതും കോട്ടയത്ത് ബഞ്ചമിൻ ബെയ്‌ലി ആരംഭിച്ച *ധർമ്മപള്ളിക്കൂടത്തിന്* കരമൊഴിവായി സ്ഥലം ചെയ്തുകൊണ്ടുള്ള തിരുവിതാംകൂർ റീജന്റ് മഹാറാണിയുടെ 1817-ലെ നീട്ട് നിലവിലുള്ളപ്പോൾ!

പ്രൊട്ടസ്റ്റന്റ്, ലത്തീൻ മിഷനറിമാരുടെ സ്കൂൾ സ്ഥാപനം തികച്ചും മതപരിവർത്തനം ലക്ഷ്യമിട്ടുള്ളതായിരുന്നുയെന്ന് അവയിൽ ഭൂരിപക്ഷത്തിന്റെയും ഭൂമിശാസ്ത്രപരമായ സ്ഥാനംതന്നെ വ്യക്തമാക്കുന്നുണ്ട്. പക്ഷേ നസ്രാണി പള്ളിക്കൂടങ്ങൾക്ക് അപ്രകാരമൊരു മതപരിവർത്തന ലക്ഷ്യം ഒരിക്കലും ഉണ്ടായിരുന്നില്ല. 1895-ൽ പ. പരുമല തിരുമേനി വിജാതീയ മിഷൻ ആരംഭിച്ച് പിന്നോക്ക വിഭാഗക്കാരെ സഭയിൽ ചേർത്തു തുടങ്ങിയപ്പോൾ അവർക്ക് വിദ്യാഭ്യാസം നൽകാൻ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് അദ്ദേഹം നിർദ്ദേശിച്ചതും നടപ്പിലാക്കിയതും.

തന്റെ മലങ്കര മെത്രാൻ സ്ഥാനം ഉറച്ചു കിട്ടിയിട്ടും മാർ ദീവന്നാസ്യോസ് അഞ്ചാമൻ തന്റെ വിദ്യാഭ്യാസ വിപ്ലവം തുടർന്നുകൊണ്ടേയിരുന്നു. 1894-ൽ തിരുവിതാംകൂർ സർക്കാർ ഏകീകൃത പാഠ്യപദ്ധതിയോടെ കർശനമായ പുതിയ വിദ്യാഭ്യാസ റെഗുലേഷൻ നടപ്പിലാക്കി. അതനുസരിച്ച് അദ്ധ്യാപകർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും നിശ്ചിത നിലവാരമുള്ള കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും സ്കൂളുകൾക്ക് അനിവാര്യമാക്കി. ഈ നിബന്ധനകൾ പാലിക്കാനാവാതെ അനേക സ്കൂളുകൾ പൂട്ടിപ്പോയിട്ടും 1906-ൽ മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ മാനേജ്മെന്റിൽ ഇംഗ്ലീഷ് ഹൈസ്കൂളുകളും മിഡിൽ സ്കൂളുകളും പെൺ പള്ളിക്കൂടങ്ങളും കൂടാതെ സർക്കാർ ഗ്രാന്റുള്ളവയും ഇല്ലാത്തവയുമായി 200 മലയാളം പ്രൈമറി സ്കൂളുകൾ ഉണ്ടായിരുന്നു. കൊല്ലം ജില്ലയിലെ ചാത്തന്നൂർ മുതൽ തൃശൂർ ജില്ലയിലെ കുന്നംകുളം വരെയുള്ള നസ്രാണി ഹൃദയഭൂമിയിൽ മാത്രമായിരുന്നു ഇത്രയും സ്കൂളുകൾ എന്നത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ വിപ്ലവത്തിന്റെ സാന്ദ്രത വെളിവാക്കുന്നു.

...പള്ളികൾതൊറും, മുറികൾതൊറും പള്ളികുടം വച്ച പൈതങ്ങളെ പടിപ്പിയ്ക്കുന്നതിന്ന... ഉള്ള 1853-ലെ മലങ്കര പള്ളിയോഗ നിശ്ചയം അക്ഷരംപ്രതി നടപ്പാക്കിയ മാർ ദീവന്നാസ്യോസ് അഞ്ചാമൻ വിദ്യാഭ്യാസം വീട്ടുമുറ്റത്ത് എത്തിക്കുന്നതിൽ വഹിച്ച പങ്ക് അദ്വിതീയമാണ്. അതോടൊപ്പംതന്നെ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിൽ അദ്ദേഹം അവലംബിച്ച പ്രാദേശിക ജനകീയ കൂട്ടായ്മകളുടെ സഹകരണം ഓരോ സ്കൂളിനേയും അതത് പ്രാദേശിക ജനതയുടെ വികാരമാക്കി മാറ്റി; വിദ്യാഭ്യാസം ജനകീയവും സാർവത്രികവുമായി. ഇതേ രീതിയിലുള്ള പ്രാദേശിക ജനകീയ കൂട്ടായ്മകളുടെ സഹകരണമാണ് ഇന്ന് കേരളമെങ്ങും വ്യാപിച്ചുകിടക്കുന്ന എൻ.എസ്.എസ്. സ്കൂളുകളുടെ സ്ഥാപനത്തിൽ മന്നത്ത് പദ്മനാഭൻ അവലംബിച്ചതും വിജയിച്ചതും.

തീർച്ചയായും കേരളത്തിലെ നവോത്ഥാന നായകന്മാരുടെ പട്ടികയിൽ മുൻനിരയിൽ സ്ഥാനം പിടിക്കേണ്ട വ്യക്തിത്വമാണ് തന്റെ അധികാര സീമയിലെങ്കിലും വിദ്യാഭ്യാസം വീട്ടുമുറ്റത്തെത്തിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ. പക്ഷേ അദ്ദേഹത്തെ പാടെ തമസ്ക്കരിച്ചു. അദ്ദേഹത്തെ മാത്രമല്ല, മലങ്കര നസ്രാണികളുടെ മുഴുവൻ പൊതു വിദ്യാഭ്യാസ സംഭാവനകളേയും ഇന്ന് ഇരുട്ടലാക്കിയിരിക്കുകയാണ്. വിദ്യകൊണ്ടുമാത്രം ഇന്നു കാലുറപ്പിച്ചു നിൽക്കുന്ന മലയാളകൾ എന്നെങ്കിലുമൊരിക്കൽ ഈ സത്യം തിരിച്ചറിയും. അന്ന് ഊതിപ്പെരുപ്പിച്ച ചില കപട ബിംബങ്ങൾ പൊളിഞ്ഞുവീഴും.

❑



മലബാർ ഭദ്രാസനത്തിലെ പ്രഥമ മഹാ ഇടവകയായി പാലക്കാട് യാക്കര സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിക്കുന്ന കല്പന ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസിന്റെ സാന്നിധ്യത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. ബോബി പീറ്റർ വായിക്കുന്നു. സെന്റ് മേരീസ് പള്ളി ഇനി മുതൽ 'സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവക പാലക്കാട്' എന്ന് അറിയപ്പെടും.

രാജ്യാന്തര പുരസ്കാരങ്ങൾ നേടി ഹാരിസൺ ലൂക്ക്



ആദ്യ ചിത്രത്തിൽ തന്നെ നവാഗത ഛായാഗ്രഹകനുള്ള പുരസ്കാരങ്ങൾ വാരിക്കൂട്ടി ഹാരിസൺ ലൂക്ക്. ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള പൂവച്ചൽ ഖാദർ പുരസ്കാരമാണ് ഭൂതം എന്ന ചിത്രത്തിന്റെ ഛായാഗ്രഹണത്തിന് ലഭിച്ചത്. നേപ്പാളിലും മ്യാൻമാറിലും നടന്ന രാജ്യാന്തര ചലച്ചിത്ര മേളയിലും പശ്ചിമ ബംഗാളിൽ നടന്ന ചലച്ചിത്രോത്സവത്തിലും ചിത്രകാരൻ കൂടിയായ അദ്ദേഹത്തിനെത്തേടി പുരസ്ക്കാരങ്ങളെത്തി. പ്രശസ്ത സംവിധായകൻ കെ. ജി. ജോർജ് സംവിധാനം ചെയ്ത 'വള്ളത്തോൾ - മഹാകവി' എന്ന ഡോക്യുമെന്ററിക്ക് ക്യാമറ ചലിപ്പിച്ചതും ഹാരിസനാണ്. മലങ്കര സഭയുടെ കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിലെ കുളമുടി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗമാണ് ഹാരിസൺ ലുക്ക്.




ഈ വർഷത്തെ പരുമല പെരുന്നാൾ തീർത്ഥാടനവാരം ഉദ്ഘാടനം ചെയ്യുന്നതിന് ആദരണീയനായ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകറിനെ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധിനിധി സംഘം രാജ്ഭവനിലെത്തി ക്ഷണിച്ചു. മലങ്കര ഓർത്തഡോക്സ് സഭ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, പരുമല കൗൺസിൽ അംഗം മത്തായി ടി. വർഗീസ്, ബി.ജെ.പി. സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി എന്നിവർ പങ്കെടുത്തു.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

പുസ്തക ജാലകം



മാർത്തോമാ ക്രിസ്ത്യാനിയുടെ നാൾവഴികളെ അടുത്തറിയുവാൻ സഹായിക്കുന്ന ഗ്രന്ഥം

ചരിത്രം കഴിഞ്ഞ കാലഘട്ടത്തിലെ ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രതീകമാണ്. കഴിഞ്ഞുപോകുന്ന ഓരോ നിമിഷങ്ങളും ചരിത്രത്തിന്റെ ഭാഗമാകുകയാണ്. എഴുത്തിന്റെ വിശാലതയിലേക്ക് എത്തും മുമ്പുള്ള ചരിത്രം ഒരു പക്ഷേ വാമൊഴിയായും വരമൊഴിയായും അവശേഷിക്കുന്നു. കാലാകാലങ്ങളിൽ ഉയർന്നുവന്ന ചരിത്രകാരന്മാരുടെ രചനകളിൽ ഇതിനൊക്കെ ചെറുതല്ലാത്ത പ്രാധാന്യം ലഭിക്കുകയും ചരിത്ര പുസ്തകങ്ങളുടെ ഏടുകളിൽ ഇടം പിടിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ചരിത്ര വിദ്യാർത്ഥിയെ സംബന്ധിച്ച് ചരിത്രത്തിന്റെ ഓരോ ഇതളുകളും പഠന വിഷയമാണ്. അതിൽ വിമർശനാത്മകമായ എഴുത്തുകളും കണ്ടെന്ന് വരാം. എഴുത്തുകളെ അതേപടി സ്വീകരിക്കുന്ന ഒരു രീതി ചരിത്ര പഠനശാഖയിൽ ഇല്ല. വിമർശനാത്മകമായ രീതിയാണ് ചരിത്ര ശാഖയ്ക്ക് എപ്പോഴും അഭികാമ്യം. അതൊക്കെ തന്നെ വരുംതലമുറയുടെ ചരിത്രബോധത്തിന്റെ നാൾവഴികൾക്ക് വെളിച്ചം പകരും. അത്തരത്തിൽ മൺചിരാതിലെ കിടാവിളക്ക് പോലെ ചരിത്ര പഠിതാക്കൾക്കും, ചരിത്രം ഇഷ്ടപ്പെടുന്ന വായനക്കാർക്കും കഴിഞ്ഞ കാലത്തെ മാർത്തോമാ ക്രിസ്ത്യാനിയുടെ നാൾവഴികളെ അടുത്തറിയുവാൻ ഏറെ സഹായിക്കുന്ന ഒരു ഗ്രന്ഥമാണ് ' ഓർത്തഡോക്സ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ' എന്ന ഈ ചരിത്ര പുസ്തകം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സെമിനാരി അധ്യാപകനും, പണ്ഡിതനും എഴുത്തുകാരനുമായ ബഹു. ഡോ. ബേബി വർഗീസ് അച്ചന്റെ ആരാധന വേദശാസ്ത്ര ചരിത്ര പഠന ശാഖയിലെ വിലപ്പെട്ട ഗ്രന്ഥങ്ങളുടെ നിരയിൽ തലയെടുപ്പോടെ നിൽക്കുന്ന ഒരു പോർച്ചുഗീസ് അധിനിവേശത്തിന് ശേഷമുള്ള കാലഘട്ടം മുതൽ ഉള്ള മലങ്കര മാർത്തോമാ ക്രിസ്ത്യാനികളുടെ പരിണാമ ഗാഥകളെ കേന്ദ്രീകരിച്ച് തയ്യാറാക്കിയിട്ടുള്ള ഈ ചരിത്രഗ്രന്ഥം. സഭാ ചരിത്രത്തിൽ പാടി പഴകി പോയ പല പഴംകഥകളെയും ബഹു. ഡോ. ബി. വർഗീസ് അച്ചൻ വലിയ ചോദ്യചിഹ്നങ്ങൾ കൊണ്ട് എടുത്ത് കാണിച്ചിട്ടുണ്ട് ഈ ഗ്രന്ഥത്തിൽ. പല കാലഘട്ടങ്ങളിലായി ഭിന്നതമൂലം വിഭജിച്ചു പോയ മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്ര ഏടുകളെ കൂട്ടിയിണക്കുവാൻ ഒരു പരിധി വരെ ഈ പുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം പങ്കിടുന്ന എല്ലാ ചരിത്ര കുതുകികൾക്കും, ചരിത്ര വിദ്യാർത്ഥികൾക്കും ഒരുപോലെ സ്വീകാര്യമാകുന്ന ഒരു കൃതിയാണ് ഇത് എന്നതിൽ സംശയമില്ല. മാർത്തോമാ ക്രിസ്ത്യാനികളുടെ പൗരാണിക ചരിത്രത്തെ കുറിച്ചും ഉള്ള ചർച്ചകളുടെയും, നിരീക്ഷണങ്ങളുടെയും പുതിയ വാതായനം തുറക്കുവാൻ, അതിന് ആരംഭം കുറിക്കുവാൻ ഈ മഹത് ഗ്രന്ഥം ഇട വരുത്തട്ടെ. പുസ്തകം മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷന്റെ എല്ലാ ഔട്ട്ലെറ്റ്കളിലും ലഭ്യമാണ്. **വില: 600 രൂപ**

- എബി മാത്യു, കൊഴുവല്ലൂർ



സുറിയാനി വേദശാസ്ത്ര സംവാദം

കോട്ടയം: സുറിയാനി ഭാഷാ സംസ്കാരവും ആരാധനാ ശൈലികളും സഭകൾ തമ്മിലുള്ള ഐക്യത്തിലേക്ക് നയിക്കുമെന്ന് ജർമ്മനിയിലെ മാബൂഗ് സർവ്വകലാശാല പ്രൊഫസ്സർ ഡോ. കാൾ പിങ്കേര പറഞ്ഞു. കോട്ടയം സെൻറ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ലോക സുറിയാനി സമ്മേളനത്തോടനുബന്ധിച്ച് കോട്ടയം പഴയ സെമിനാരിയിൽ നടത്തിയ സുറിയാനി വേദശാസ്ത്ര സംവാദത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കൽദായ സഭയുടെ ഡോ. മാർ യോഹന്നാൻ യോസേഫ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ചു.

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, സെൻറ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സീരി) ഡയറക്ടർ ഫാ. ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ, ഫാ. ഡോ. വർഗീസ് പി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

പ്രൊഫ. ഡോ. അലയ്ൻ ദെമോ, പ്രൊഫ. ഡോ. ഫ്രാൻസ്വാസ് ബ്രിക്വൽ, പ്രൊഫ. ഡോ. മ്യൂറിയൽ ഡിബീ (ഫ്രാൻസ്), പ്രൊഫ. ഡോ. ഡാനിയേൽ മക്കോനഗി (യു.എസ്.എ), പ്രൊഫ. ഡോ. ഹെറാൾഡ് സുർമൻ (ജർമ്മനി), പ്രൊഫ. ഡോ. നേതാൻ തിലി (വാഷിംഗ്ടൺ), പ്രൊഫ. ഡോ. ഹിദേമി തക്കഹാഷി (ജപ്പാൻ), പ്രൊഫ. ഡോ. സിസ്റ്റർ മരിയ തെരേസ (ലെബനോൻ) എന്നിവർ സംവാദങ്ങൾക്ക് നേതൃത്വം നൽകി. ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 50-ൽപ്പരം സുറിയാനി വേദശാസ്ത്രജ്ഞർ സമ്മേളനത്തിൽ പങ്കെടുത്തു.



2025 വർഷത്തിലെ മികച്ച സെമിനാരി വിദ്യാർത്ഥിക്കുള്ള എം. ഇ. ഈപ്പൻ കോർഎപ്പിസ്കോപ്പാ സ്മാരക നല്ല ഇടയൻ പുരസ്കാരം മാത്യു പി. തോമസ് ശെമ്മാശന് ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ് സമ്മാനിക്കുന്നു. ഇടുക്കി ഭദ്രാസനത്തിലെ ഫാ. പി. എം. തോമസിന്റെയും സോഫി തോമസിന്റെയും പുത്രനാണ്.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

കയീന്റെയും ശേത്തിന്റെയും ഭാര്യമാർ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഉല്പത്തി പുസ്തകം മനുഷ്യ ചരിത്രത്തിന്റെ തുടക്കത്തിലേക്ക് നമ്മെ നയിക്കുന്നു. ആദാമിനെയും ഹവ്വായെയും അവരുടെ കുട്ടികളെയും ഭൂമിയിലെ ആദ്യ തലമുറകളെയും കുറിച്ച് അത് നമ്മോട് പറയുന്നു. അവരുടെ മക്കളിൽ, കയീനും ശേത്തും വേറിട്ടുനിൽക്കുന്നത് അവരുടെ ജീവിതം സ്വീകരിച്ച വളരെ വ്യത്യസ്തമായ വഴികൾ മൂലമാണ്. കയീൻ ആദ്യത്തെ കൊലപാതകിയായി അറിയപ്പെട്ടു, അതേസമയം ഹാബെലിന്റെ മരണശേഷം ദൈവം ശേത്തിനെ ഒരു പുതിയ തുടക്കമായി നൽകി. കയീനും ശേത്തിനും മനുഷ്യജീവിതത്തിന്റെയും ചരിത്രത്തിന്റെയും തുടർച്ചയിൽ പ്രധാന പങ്കു വഹിച്ച ഭാര്യമാരുണ്ടായിരുന്നു.

കയീന്റെയും ശേത്തിന്റെയും ഭാര്യമാരെക്കുറിച്ച് ബൈബിളിൽ കൂടുതൽ വിശദാംശങ്ങൾ പറയുന്നില്ലെങ്കിലും, നൽകിയിരിക്കുന്ന ചെറിയ വിവരങ്ങൾ അവരേക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ നമ്മെ സഹായിക്കുന്നു. ഉല്പത്തി 4:17-ൽ കയീന്റെ ഭാര്യയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു, അതേസമയം ശേത്തിന്റെ ഭാര്യയെക്കുറിച്ച് ഉല്പത്തി 4:26-ൽ പരോക്ഷമായി പരാമർശിച്ചിരിക്കുന്നു, കാരണം അവരുടെ കുട്ടികളെ പരിചയപ്പെടുത്തുന്നു. പേരില്ലെങ്കിലും ഈ സ്ത്രീകൾ ഇന്ന് നമുക്ക് പ്രധാനപ്പെട്ട പാഠങ്ങൾ അവതരിപ്പിക്കുന്നു. കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ദൈവത്തോട് അടുത്ത് ജീവിക്കണോ അവനിൽ നിന്ന് അകന്നു മാറണോ എന്ന് തിരഞ്ഞെടുക്കാമെന്ന് അവരുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ആളുകൾ ദൈവത്തിന്റെ വഴികൾ മറന്ന് സ്വന്തം ആഗ്രഹങ്ങൾ പിന്തുടരുമ്പോൾ, അവർ പതുക്കെ അവനിൽ നിന്ന് അകന്നുപോകുന്നു. എന്നാൽ അവർ അവന്റെ വചനം കേട്ട് അവനെ അനുസരിക്കുമ്പോൾ, അവർ അവനിലേക്ക് കൂടുതൽ അടുക്കുകയും അവന്റെ അനുഗ്രഹങ്ങളിൽ ജീവിക്കുകയും ചെയ്യുന്നു. കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും വിശ്വാസത്തിൽ വളരാൻ കഴിയുന്നതിന് ദൈവത്തിന്റെ പാത തിരഞ്ഞെടുക്കേണ്ടതിന്റെ പ്രാധാന്യം അവരുടെ ഉദാഹരണം നമുക്ക് കാണിച്ചുതരുന്നു.

1. കയീന്റെ ഭാര്യയുടെ സവിശേഷതകൾ

കയീന്റെ ഭാര്യയെക്കുറിച്ച് ഉല്പത്തി 4:17-ൽ പരാമർശിച്ചിരിക്കുന്നു: "കയീൻ തന്റെ ഭാര്യയെ പരിഗ്രഹിച്ചു അവൾ ഗർഭം ധരിച്ചു ഹാനോക്കിനെ പ്രസവിച്ചു. അവൻ ഒരു പട്ടണം പണിതു ഹാനോക്ക് എന്ന് തന്റെ മകന്റെ പേരിട്ടു." അവളുടെ പേര് നൽകിയിട്ടില്ലെങ്കിലും, അവളുടെ പങ്ക് ഇവിടെ വിവരിച്ചിരിക്കുന്നു.

അവൾ കയീന്റെ പിൻഗാമികളുടെ അമ്മയായി - അവൾ ഹാനോക്കിനെ പ്രസവിച്ചു, കയീന്റെ കുടുംബത്തിന്റെ വംശാവലി ആരംഭിച്ചു. പിന്നീട് അവരുടെ മക്കളും കൊച്ചുമക്കളും സംഗീതം, ലോഹപ്പണി, നഗരജീവിതം എന്നിവയിലെ വൈദഗ്ധ്യത്തിന് പേരുകേട്ടവരായി മാറി. 'അവന്റെ സഹോദരനെ യൂബാൽ എന്ന് പേർ. ഇവൻ കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായി തീർന്നു സില്ല തൂബൽകയീനെ പ്രസവിച്ചു. അവൻ ചെമ്പുകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള ആയുധങ്ങളെ തീർക്കുന്നവനായി തീർന്നു" (ഉല്പത്തി 4:21-22).

ദൈവത്തിൽ നിന്ന് വേർപിരിഞ്ഞ് കയീനോടൊപ്പം ജീവിച്ചു. കയീൻ ഹാബെലിനെ കൊന്നുകൊണ്ട് പാപം ചെയ്തിരുന്നു, അവൻ കർത്താവിന്റെ സാന്നിധ്യത്തിൽ നിന്ന് അകന്നു പോയി. 'കയീൻ യഹോവയുടെ സന്നിധിയിൽ നിന്ന് പുറപെട്ട് ഏദെന് കിഴക്ക് നോദ് ദേശത്ത് ചെന്ന് പാർത്തു' (ഉല്പത്തി 4:16). ഈ വേർപിരിഞ്ഞ അവസ്ഥയിൽ അവന്റെ ഭാര്യ അവനുമായി ജീവിതം പങ്കിട്ടു. ദൈവത്തിൽ നിന്ന് കൂടുതൽ അകന്നുപോയ ഒരു കുടുംബപരമ്പരയുടെ ഭാഗമായി അവൾ മാറി.

അവൾ ഒരു നഗരനിർമ്മാണ സംസ്കാരത്തിന്റെ ഭാഗമായി - കയീൻ ആദ്യ നഗരം നിർമ്മിക്കുമ്പോൾ അവന്റെ ഭാര്യ അവനെ പിന്തുണച്ചു (ഉല്പത്തി 4:17). ഇത് കാണിക്കുന്നത് അവളുടെ ജീവിതം മനുഷ്യ പുരോഗതിയുമായും നേട്ടങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്, പക്ഷേ ദൈവവുമായുള്ള ആത്മീയ അടുപ്പവുമായി ബന്ധപ്പെട്ടിരിക്കണമെന്നില്ല.

2. കയീന്റെ ഭാര്യ നൽകുന്ന സന്ദേശം

നമ്മുടെ തിരഞ്ഞെടുപ്പുകൾ നമ്മുടെ കുടുംബങ്ങളുടെ ദിശയെ ബാധിക്കുന്നു - ദൈവത്തിൽ നിന്ന് അകന്നുപോകുന്ന ആളുകളുമായി നാം ചേരുമ്പോൾ, നമ്മുടെ കുടുംബങ്ങളെയും അവനിൽ നിന്ന് അകറ്റാൻ കഴിയുമെന്ന് കയീന്റെ ഭാര്യയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. അവളുടെ പിൻഗാമികൾ കഴിവുള്ളവരും ഉന്നതരുമായി, പക്ഷേ അവർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചില്ല.

ദൈവമില്ലാതെ ഭൗമിക വിജയം ശൂന്യമാണ് - കയീന്റെ പിൻഗാമികളുടെ നഗരത്തിനും കഴിവുകൾക്കും അവരുടെ ജീവിതത്തിൽ ദൈവത്തിന്റെ അഭാവത്തെ മാറ്റിസ്ഥാപിക്കാൻ കഴിയില്ല. ആത്മീയ വിശ്വസ്തതയെക്കാൾ മനുഷ്യ നേട്ടങ്ങളെ മുൻനിർത്തി മുൻതൂക്കം നൽകരുതെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

3. ശേത്തിന്റെ ഭാര്യയുടെ സ്വഭാവവിശേഷങ്ങൾ

ഉല്പത്തി 4:26 പറയുന്നു: "ശേത്തിന്നും ഒരു മകൻ ജനിച്ചു. അവന്ന് എനോശ് എന്ന് പേരിട്ടു. ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി." വീണ്ടും, അവളുടേയും പേര് പരാമർശിച്ചിട്ടില്ല, പക്ഷേ അവളുടെ മകൻ വഴി അവളുടെ പങ്ക് വ്യക്തമാണ്.

അവൾ എനോശിന്റെ അമ്മയായി - ശേത്തിന്റെ ഭാര്യ എനോശിനെ പ്രസവിച്ചു, അവനിലൂടെ ദൈവികമായ ഒരു വംശം തുടർന്നു. ദൈവത്തെ ആരാധിച്ചിരുന്നതിനാൽ ഈ കുടുംബം കയീന്റെ വംശത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു.

അവൾ ദൈവത്തെ ബഹുമാനിക്കുന്ന ഒരു കുടുംബത്തിൽ പെട്ടവളായിരുന്നു - ഹാബെൽ കൊല്ലപ്പെട്ടതിനുശേഷം ദൈവം ശേത്തിനെ ആദാമിനും ഹവ്വായ്ക്കും സമ്മാനമായി നൽകി (ഉല്പത്തി 4:25). അദ്ദേഹത്തിന്റെ ഭാര്യ ഈ അനുഗ്രഹത്തിൽ പങ്കുചേർന്നു. അവർ ഒരുമിച്ച് ഒരു കുടുംബത്തെ വളർത്തി, അത് ആളുകളെ ദൈവത്തെ വിളിക്കുന്നതിലേക്ക് നയിച്ചു.

അവൾ ഒരു ആത്മീയ പൈതൃകത്തെ പിന്തുണച്ചു - എനോശിനെ വളർത്തിയതിലൂടെ, ദൈവത്തെ ആരാധിക്കാൻ മറ്റുള്ളവരെ സ്വാധീനിക്കുന്ന ഒരു കുടുംബം കെട്ടിപ്പടുക്കാൻ അവൾ സഹായിച്ചു. അവളുടെ കുടുംബ പരമ്പര ഒടുവിൽ നോഹയിലേക്കും അബ്രഹാമിലേക്കും ഒടുവിൽ യേശുക്രിസ്തുവിലേക്കും നയിച്ചു (ലൂക്കോസ് 3:38).

4. ശേത്തിന്റെ ഭാര്യ നൽകുന്ന സന്ദേശം

കുടുംബങ്ങൾക്ക് വിശ്വാസത്തിന്റെ നീർചാലുകളാകാം - ദൈവഭക്തരായ മാതാപിതാക്കൾക്ക് ദൈവത്തെ അന്വേഷിക്കാൻ തലമുറകളെ സ്വാധീനിക്കാൻ കഴിയുമെന്ന് ശേത്തിന്റെ ഭാര്യ നമ്മെ ഓർമ്മിപ്പിക്കുന്നു. അവളുടെ മകൻ ലോകത്തെ മുഴുവൻ അനുഗ്രഹിച്ച ഒരു കുടുംബ പരമ്പരയുടെ ഭാഗമായി.

മറ്റുള്ളവരെ ദൈവത്തിലേക്ക് നയിക്കുക എന്നതാണ് നമ്മുടെ ഏറ്റവും വലിയ ഉത്തരവാദിത്തം കയീന്റെ ഭാര്യയുടെ കുടുംബം ഭൗമിക കഴിവുകൾക്ക് പേരു കേട്ടതായി, സേത്തിന്റെ ഭാര്യയുടെ കുടുംബം ആരാധനയ്ക്കും വിശ്വാസ

ത്തിനും പേരുകേട്ടതായി. ലോക പ്രശസ്തിയേക്കാൾ ആത്മീയ പൈതൃകം പ്രധാനമാണെന്ന് ഇത് നമ്മെ കാണിക്കുന്നു.

ദൈവത്തിന് പുതിയ പ്രത്യാശ കൊണ്ടുവരാൻ കഴിയും. ഹാബെലിന്റെ മരണത്തിനും കയീന്റെ പാപത്തിനും ശേഷം, ശേത്തിന്റെ ഭാര്യ ഒരു പുതിയ തുടക്കത്തെ പ്രതിനിധീകരിക്കുന്നു. അവളിലൂടെ, ദൈവം മനുഷ്യരാശിക്ക് താനുമായുള്ള ബന്ധത്തിൽ ജീവിക്കാൻ മറ്റൊരു അവസരം നൽകി.

കയീന്റെ ഭാര്യയെയും ശേത്തിന്റെ ഭാര്യയെയും താരതമ്യം ചെയ്ത് നോക്കുമ്പോൾ നമുക്ക് ഒരു പ്രധാന വ്യത്യാസം കാണാവുന്നതാണ്. കയീന്റെ ഭാര്യ ദൈവത്തിൽ നിന്ന് പിന്മാറിയ ഒരു പുരുഷനോടൊപ്പം താമസിച്ചു, അവളുടെ പിൻഗാമികൾ ഭൗമിക സംസ്കാരത്തിലും പുരോഗതിയിലും ശ്രദ്ധ കേന്ദ്രീകരിച്ചു. ദൈവം ഒരു പുതിയ തുടക്കമായി നൽകിയ ഒരു പുരുഷനൊപ്പമാണ് ശേത്തിന്റെ ഭാര്യ ജീവിച്ചത്, ദൈവത്തെ ആരാധിക്കുന്നതിൽ അവളുടെ പിൻഗാമികൾ അറിയപ്പെട്ടു.

നമ്മൾ കെട്ടിപ്പടുക്കുന്ന കുടുംബത്തിന്റെയും പരിസ്ഥിതിയുടെയും സാഹചര്യം ഭാവി തലമുറകളുടെ പാത നിർണ്ണയിക്കുന്നുവെന്ന് ഈ താരതമ്യം നമ്മെ പഠിപ്പിക്കുന്നു.

ദൈവകേന്ദ്രീകൃത ബന്ധങ്ങൾ തിരഞ്ഞെടുക്കുന്നതിന്റെ പ്രാധാന്യം നാം മനസിലാക്കണം. ശേത്തിന്റെ ഭാര്യ ഒരു ദൈവിക ഉദ്ദേശ്യത്തിൽ പങ്കുചേർന്നതുപോലെ, ദൈവത്തെ ബഹുമാനിക്കുന്ന ബന്ധങ്ങൾ നാമും തേടണം. കയീന്റെ ഭാര്യയും ശേത്തിന്റെ ഭാര്യയും അവരുടെ കുട്ടികളിലൂടെ ചരിത്രത്തെ രൂപപ്പെടുത്തി. ഇന്നത്തെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ കർത്താവിന്റെ വഴിയിൽ നയിക്കണം (സദൃശവാക്യങ്ങൾ 22:6).

ലൗകിക വിജയത്തേക്കാൾ വലുതാണ് ആത്മീയ പൈതൃകം. കയീന്റെ പിൻഗാമികൾ നഗരങ്ങൾ നിർമ്മിക്കുകയും കഴിവുകൾ കണ്ടെത്തുകയും ചെയ്തു, എന്നാൽ ശേത്തിന്റെ പിൻഗാമികൾ വിശ്വാസത്തിന്റെ ഒരു പൈതൃകം കെട്ടിപ്പടുത്തു. വിശ്വാസം എന്നെന്നേക്കുമായി നിലനിൽക്കുമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു, അതേസമയം മനുഷ്യ നേട്ടങ്ങൾ നൈമഷികവുമാണ്. ദൈവം എപ്പോഴും പുതിയ തുടക്കങ്ങൾ നൽകുന്നു. ശേത്തിന്റെ ഭാര്യ ദൈവത്തിന്റെ കരുണയുടെ ഒരു ചിത്രമാണ്. പാപത്തിനും ദുരന്തത്തിനും ശേഷവും, പുതിയ തലമുറകളിലൂടെ ദൈവം പ്രത്യാശ നൽകുന്നു.

ശേത്തിന്റെ ഭാര്യയെപ്പോലെ, നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ സഹായിക്കുന്ന രീതിയിൽ ജീവിക്കാൻ നമുക്ക് തിരഞ്ഞെടുക്കാം. ഭാവി തലമുറകൾക്കായി നമുക്ക് അവശേഷിപ്പിക്കാൻ കഴിയുന്ന ഏറ്റവും വലിയ പൈതൃകമാണിത്.

കയീന്റെ ഭാര്യയെയും ശേത്തിന്റെ ഭാര്യയെയും കുറിച്ച് ബൈബിൾ വളരെ കുറച്ച് വിവരങ്ങൾ മാത്രമേ നൽകുന്നുള്ളൂവെങ്കിലും, അവരുടെ ജീവിതം ഇപ്പോഴും നമ്മെ വിലപ്പെട്ട പാഠങ്ങൾ പഠിപ്പിക്കുന്നു. ദൈവത്തിൽ നിന്ന് കൂടുതൽ അകന്നുപോയ ഒരു കുടുംബപരമ്പരയുടെ അമ്മയായി കയീന്റെ ഭാര്യ മാറി, അതേസമയം ദൈവത്തിലേക്ക് തിരിയുകയും അവന്റെ നാമം വിളിക്കുകയും ചെയ്ത ഒരു കുടുംബപരമ്പരയുടെ അമ്മയായി ശേത്തിന്റെ ഭാര്യ മാറി.

നമ്മുടെ തിരഞ്ഞെടുപ്പുകളും കുടുംബങ്ങളും വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ടെന്ന് അവരുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഭൗമിക നേട്ടങ്ങളിലോ ദൈവത്തിലുള്ള വിശ്വാസത്തിലോ കേന്ദ്രീകരിച്ചുള്ള ജീവിതം നമുക്ക് കെട്ടിപ്പടുക്കാം. ഏറ്റവും പ്രധാനമായി, ദൈവം മനുഷ്യചരിത്രത്തിൽ എപ്പോഴും പ്രവർത്തിക്കുന്നുവെന്നും, കുടുംബങ്ങളെ നയിക്കുന്നുവെന്നും, പുതിയ തുടക്കങ്ങൾ സൃഷ്ടിക്കുന്നുവെന്നും, യേശുക്രിസ്തുവിലൂടെയുള്ള തന്റെ രക്ഷാപദ്ധതിയിലേക്ക് നമ്മെ നയിക്കുന്നുവെന്നും ഈ സ്ത്രീകൾ നമ്മെ പഠിപ്പിക്കുന്നു.

അതിനാൽ, സന്ദേശം വ്യക്തമാണ്: ശേത്തിന്റെ ഭാര്യയെപ്പോലെ, നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ സഹായിക്കുന്ന രീതിയിൽ ജീവിക്കാൻ നമുക്ക് തിരഞ്ഞെടുക്കാം. ഭാവി തലമുറകൾക്കായി നമുക്ക് അവശേഷിപ്പിക്കാൻ കഴിയുന്ന ഏറ്റവും വലിയ പൈതൃകമാണിത്.

ബി.ഡി. പരീക്ഷയിൽ ഉന്നത വിജയം


ഡീ. വിബിൻ വർഗീസ് (മദ്രാസ്)


ഡീ. സോണി ശാമുവൽ (കൊല്ലം)


ഡീ. മാത്യു പി. തോമസ് (ഇടുക്കി)


ഡീ. ഗ്രിഗറി ജോർജ്ജ് നൈനാൻ (ചെങ്ങന്നൂർ)

കോട്ടയം: സെറാംപൂർ സർവ്വകലാശാല ബി.ഡി. പരീക്ഷയിൽ ഓർത്തഡോക്സ് വൈദിക സെമിനാരി നാലു ഫസ്റ്റ് ക്ലാസ്സും 16 സെക്കന്റ് ക്ലാസ്സും ഉൾപ്പെടെ 100% വിജയം കരസ്ഥമാക്കി. ഡീ. വിബിൻ വർഗീസ് (മദ്രാസ്), ഡീ. സോണി ശാമുവൽ (കൊല്ലം), ഡീ. മാത്യു പി. തോമസ് (ഇടുക്കി), ഡീ. ഗ്രിഗറി ജോർജ്ജ് നൈനാൻ (ചെങ്ങന്നൂർ) എന്നിവർക്കാണ് ഉന്നത വിജയം ലഭ്യമായത്.

പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ വിദ്യാർത്ഥികളെ അനുമോദിച്ചു. കൽക്കട്ടയിലെ സെറാംപൂർ സർവകലാശാലയുമായി ഓർത്തഡോക്സ് സെമിനാരി അഫിലിയേറ്റ് ചെയ്തത് 1965 ൽ ആണ്. ആദ്യമായിട്ടാണ് നാലു ഫസ്റ്റ് ക്ലാസ്സുകൾ സെമിനാരിക്ക് ലഭിക്കുന്നത്.

പ്രസംഗ പരിശീലന ശില്പശാല നടത്തുന്നു

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ, മലങ്കര അസോസിയേഷൻ സെക്രട്ടറിയും കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലറുമായിരുന്ന ഡോ. അലക്സാണ്ടർ കാരയ്ക്കൽ സ്മാര എൻഡോവ്മെന്റ് സഹായത്തോടെ മലങ്കര ഓർത്തഡോക്സ് സഭയിലെ സ്ത്രീകൾക്കുവേണ്ടി പ്രഥമ പ്രസംഗ പരിശീലന ശില്പശാല 2025 സെപ്റ്റംബർ 30, ഒക്ടോബർ 01 തീയതികളിൽ കോട്ടയം സോഫിയാ സെന്ററിൽ വെച്ച് നടത്തും. പ്രഗൽഭരായ പരിശീലകർ ശില്പശാലയ്ക്ക് നേതൃത്വം നൽകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കു മാത്രമേ പ്രവേശനമുള്ളൂ. ഭക്ഷണം, താമസം സോഫിയാസെന്ററിൽ ക്രമീകരിക്കും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകും.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ
വിളിക്കുക: 8281335548
രജിസ്ട്രേഷൻ ഫീസ് 500/- രൂപ.



സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ

(വി. മത്തായി 16:5-12)

ഫാ. മോൻസി ഫിലിപ്പ്

പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവിനെ സൂക്ഷിച്ചുകൊൾവിൻ എന്ന മുന്നറിയിപ്പാണ് വേദഭാഗം വി. മത്തായി 16:5-12. ജീവനും ചൈതന്യവും ചോർന്നുപോയ യഹൂദമതോപദേശത്തെയാണ് കർത്താവ് ഇവിടെ പുളിമാവു കൊണ്ടുദ്ദേശിക്കുന്നത്. യേശു ശിഷ്യന്മാരോടൊപ്പം കടലിന്റെ മറുവശത്തേകക് പോയപ്പോൾ അവർ അപ്പം കൊണ്ടുവരാൻ മറന്നുപോയി. അപ്പോൾ യേശു തന്റെ ശിഷ്യൻമാരോട് പറഞ്ഞു. പരീശൻമാരുടെയും സാദൂക്യരുടെയും പുളിപ്പിനെ സൂക്ഷിക്കുവിൻ. ശിഷ്യന്മാർ തെറ്റിദ്ധരിച്ചു അപ്പം എടുക്കാത്തതിനാൽ ആകാം എന്ന്. എന്നാൽ ക്രിസ്തു അവരെ തിരുത്തി, ഇത് ഭക്ഷണത്തിലെ പുളിപ്പല്ല, അവരുടെ ഉപദേശങ്ങളാണ് സൂക്ഷിക്കേണ്ടത് എന്ന് ഇതാണ് വേദഭാഗ സാരം.

വേദഭാഗ ചിന്തകൾ

പുളിപ്പിന്റെ അർത്ഥം - ചെറുതെങ്കിലും ശക്തി

പുളിച്ചമാവിനെ നല്ല അർത്ഥത്തിലും തിന്മയുടെ പ്രതീകമായും ചിത്രീകരിച്ചിട്ടുണ്ട്. "സ്വർഗ്ഗരാജ്യം പുളിച്ചമാവിനോട് സദൃശ്യം. അത് ഒരു സ്ത്രീ എടുത്ത് മൂന്ന് പറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവച്ചു." (വി. മത്തായി 13:33). എന്നാൽ കൂടുതൽ സ്ഥലങ്ങളിലും തിന്മയുടെ സ്വാധീനത്തെ കാണിക്കുവാനാണ് പുളിച്ചമാവ് എന്ന പ്രയോഗം കൊടുത്തിട്ടുള്ളത്. തെറ്റായ ഉപദേശം ചെറുതെങ്കിലും മുഴുവൻ വിശ്വാസത്തേയും മലിനപ്പെടുത്തും. അത് സഭയുടെ കെട്ടുറപ്പിനുപോലും പ്രയാസങ്ങൾ സൃഷ്ടിക്കും, ബന്ധങ്ങൾ ബന്ധനങ്ങളാകും. "പുളിമാവിന്റെ" ആത്മീയ സന്ദേശം.

1. പുളിമാവ് മോശം അർത്ഥത്തിൽ - പാപം, അഴുക്ക് വ്യാജ ഉപദേശം.

2. പുളിമാവ് നല്ല അർത്ഥത്തിൽ - സുവിശേഷത്തിന്റെ ശക്തി, ദൈവരാജ്യത്തിന്റെ വ്യാപനം, ആത്മീയ വളർച്ച.

വി. പൗലോസ് ശ്ലീഹാ പറയുന്നു.

"അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ? നിങ്ങൾ പിളിപ്പില്ലാത്തവരായിരിക്കുവാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിനു പഴയ പുളിമാവിനെ നീക്കികളയുവിൻ. നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്നെ ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടുമല്ല. സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മകൊണ്ടു തന്നെ ഉത്സവം ആചരിക്ക." 1 കൊരി. 5:6-8.

"അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു." ഗലാത്യർ 5:9

ഇവിടെ പുളിച്ചമാവ് പരീശന്മാരുടെയും സാദൂക്യരുടെ ഉപദേശമാണെന്ന് കർത്താവു തന്നെ വ്യക്തമാക്കുന്നു. (വി. മത്തായി 16:12)

"പുളിപ്പു ചെറുതായിരിക്കും. എന്നാൽ അത് വ്യാപിച്ചാൽ മുഴുവനും നശിപ്പിക്കും. അതുപോലെ തെറ്റായ വിശ്വാസം മനുഷ്യന്റെ ഹൃദയം മുഴുവൻ കൈവശപ്പെടുത്തും." സെന്റ് ജോൺ ക്രിസോസ്റ്റം.

(2) പരീശന്മാരുടെ പുളിപ്പ് - കപടധാർമ്മികത

പരീശൻ ദൈവത്തിനായി വേർതിരിക്കപ്പെട്ടവനാണ്. എന്നാൽ വേർതിരിവ് കാലക്രമേണ ദൈവത്തിൽ നിന്നും വേർതിരിക്കപ്പെട്ട ജീവിതമായി മാറി. ദൈവത്തിനായി വേർതിരിക്കപ്പെട്ട ക്രിസ്തീയ സമൂഹം ഇന്ന് ദൈവത്തിൽ നിന്നും വേർതിരിക്കപ്പെടുന്ന കാഴ്ച്ചപോലെ. "ദൈവത്തെ ഉപേക്ഷിച്ച് ലോകത്തിന്റെ പിന്നാലെ പോകുന്ന നാം ചെന്ന് പരീശന്റെ പുളിമാവിലേയ്ക്കാണ് എത്തുന്നത്.

നിയമങ്ങളെ ഉയർത്തിപ്പിടിച്ച് ബാഹ്യാചാരങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവരായിരുന്നു പരീശൻമാർ. അകമേ ദൈവ സാന്നിദ്ധ്യബോധമില്ലാത്ത കപടഭക്തരായിരുന്നു കൂടുതൽ പേരും. ആ കപട ഭക്തിയേയും 'പുളിച്ചമാവ്' എന്ന പ്രയോഗം കൊണ്ട് കർത്താവ് ഉദ്ദേശിക്കുന്നു. എല്ലാ പാപങ്ങളേക്കാളും എളുപ്പത്തിൽ ഒരാളെ പിടികൂടുവാൻ സാധ്യതയുള്ള ഒന്നാണ് കപടഭക്തി.

"ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ എങ്കൽനിന്നു ദൂരത്തകറ്റി വച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി,മനഃപാഠമാക്കിയ മാനുഷ കല്പനയത്രേ." യെശയ്യാവ് 29:13.

നല്ലവനായി പ്രശംസ നേടുന്നത് പ്രയാസമാകയാൽ കപടഭക്തിയിൽ കുടി, മുഖസ്തുതി നേടുന്നവരുണ്ട്. "ഹിപ്പോക്രസി" എന്ന ഗ്രീക്കു പദം ഉപയോഗിച്ചിരിക്കുന്നു. നാം അല്ലാത്തത് നാം അഭിനയിക്കുന്നതാണ് "ഹിപ്പോക്രസി". പണ്ട്നാടകവേദികളിൽ അണിയുന്ന മുഖംമൂടിക്ക് ഈ പദം ഉപയോഗിച്ചിരുന്നു. ഭക്തരുടെ വേഷവും മുഖം മൂടിയുമണിയുന്ന പിശാചുക്കളാണ് കപടഭക്തർ. അവരെയാണ് കർത്താവ് വെള്ളതേച്ച ശവക്കല്ലറകൾ എന്ന് വിളിക്കുന്നത്.

"പുറമേ ഭക്തിയുടെ വസ്ത്രം ധരിച്ചാലും ഹൃദയത്തിൽ ദൈവസ്നേഹമില്ലെങ്കിൽ അത് വെറും പുളിപ്പാണ്."

സെന്റ് അഗസ്റ്റിൻ.

ഇന്ന് നമ്മിലും ബാധിച്ചിരിക്കുന്ന ഒന്നാണ് കപടഭക്തി. പുറമേ ആരാധന ഉള്ളിൽ ശൂന്യത. ആത്മപരിശോധന ആവശ്യം, ആവശ്യമല്ല അത്യാവശ്യം.

(3) സാദൂക്യരുടെ പുളിപ്പ് - വിശ്വാസ നിക്ഷേപം

ഭൗതീക കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരും സ്വാർത്ഥ താല്പര്യക്കാരുമായിരുന്ന സാദൂക്യരേയും സൂക്ഷിക്കാൻ കർത്താവ് പറയുന്നു. അല്പം മാത്രം പുളിമാവ് വളരെയധികം പുതിയ മാവിനെ പുളിപ്പിക്കുന്നതുപോലെ ചെറിയ ദുരുപദേശങ്ങൾ മതി നമ്മുടെ വിശ്വാസത്തെ കീഴ്മേൽ മറിക്കുവാൻ.

"പുനരുത്ഥാനം ഇല്ല ദൂതനും ആത്മാവും ഇല്ല എന്ന് സദൂക്യർ പറയുന്നു" അപ്പോ. പ്ര. 23:8

സാദൂക്യർ പൊതുവേ സമ്പന്നനും രാഷ്ട്രീയ സ്വാധീനമുള്ളവരും ദൈവീകാനുഗ്രഹത്തിന്റെ അടയാളമായി ഭൗതീകാഭിവൃദ്ധിയെ കണ്ടിരുന്നവരുമായിരുന്നു. ഭൗതീക നേട്ടങ്ങളിലൂന്നിയ ആത്മീയത ഇന്നിന്റെ ശാപമാണ്. ഉപദേശത്തിലുള്ള പരിശുദ്ധി പരീശർ പാലിച്ചുവെങ്കിൽ ആചാരാനുഷ്ഠാനത്തിലുള്ള പരിശുദ്ധി സാദൂക്യർ ഉയർത്തി കാട്ടി. ഊനമില്ലാത്ത ആടിൽ ആരംഭിക്കുന്നു അവരുടെ പരിശുദ്ധി. പക്ഷേ പണസമ്പാദനത്തിനായി പരിശുദ്ധി വിറ്റഴിച്ചപ്പോൾ സാദൂക്യന്റെ വിശ്വാസം പുളിക്കുവാൻ തുടങ്ങി.

പരീശന്മാരോട് താരതമ്യം ചെയ്യുമ്പോൾ സാദൂക്യർ തീരെ ചെറിയ സംഘമായിരുന്നെങ്കിലും പൗരോഹിത്യ പ്രാമുഖ്യമുള്ളത് അവർ ആയിരുന്നു. ആത്മാവിന്റെ അമർത്യത, പുനരുത്ഥാനം, ഭാവിയിലുള്ള രക്ഷയും ശിക്ഷയും, ദൂതന്മാരിലുള്ള വിശ്വാസം, ആത്മാക്കളിലുള്ള വിശ്വാസം ഇതൊക്കെ സാദൂക്യർ തള്ളിക്കളഞ്ഞിരിക്കുന്നു. മതകാര്യങ്ങളിൽ സ്വതന്ത്ര ചിന്തയ്ക്കും യുക്തിക്കും പ്രാധാന്യം കല്പിച്ചു. പരീശന്മാരുടെ പാരമ്പര്യങ്ങളും വ്യാഖ്യാനങ്ങളും അവർ നിഷേധിച്ചിരുന്നു. സന്നിദ്രം സംഘം അവരുടെ പോരാട്ടത്തിന്റെ വേദിയായി

ചിലപ്പോഴൊക്കെ മാറിയിരുന്നു.

"സാദൂക്യർ ശാസ്ത്രം വെട്ടിക്കുറച്ചവർ-ആത്മീയ സത്യങ്ങളെ നിഷേധിച്ചവർ ആയിരുന്നു."

"സദൂക്യരുടെ പുളിപ്പ് ആത്മീയ കാഴ്ചപ്പാടിന്റെ നഷ്ടമാണ്-കണ്ണുകൾ ഉണ്ടെങ്കിലും കാണാത്ത അവസ്ഥ."

സെന്റ് ജെറോം.

(4) സൂക്ഷിച്ചുകൊള്ളുവീൻ

ഇത് ഒരു ക്രിസ്തുപാഠമാണ്. ജാഗ്രതയുള്ളവർ ആകണം എന്ന പാഠം. സൂക്ഷിച്ചു കൊള്ളുവിൻ എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം "പ്രോസെഖൊ" എന്നാണ്. ഇതിന്റെ അർത്ഥം ശ്രദ്ധിക്കുക, കരുതുക, ജാഗ്രതയോടെ ഇരിക്കുക."

"കള്ളപ്രവാചകന്മാകരേ സൂക്ഷിച്ചുകൊള്ളുവിൻ, അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു" അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു." വി. മത്തായി 7:15

നമ്മുടെ വഴികളിൽ അപകടങ്ങൾ ഉണ്ട്. ഒരു ശ്രദ്ധ ആവശ്യമാണ്. നാശത്തിൽ വീഴാതിരിക്കാൻ. ആത്മീയ ജീവിതത്തിൽ തെറ്റായ ഉപദേശങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും ലോകമോഹങ്ങളിൽ നിന്നും രക്ഷപ്പെടാൻ ദൈവവചനം നമ്മേ സൂക്ഷിച്ചുകൊള്ളുവിൻ" എന്ന് ഓർമ്മിപ്പിക്കുന്നു. ശരീരത്തെയും മനസ്സിനെയും പോലെ തന്നെ ഹൃദയത്തേയും വിശ്വാസത്തേയും സൂക്ഷിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

"ശത്രു പുറത്തുനിന്നു വരുന്നത് മാത്രമല്ല, ഉള്ളിൽ നിന്ന് വളരുന്ന അഭിമാനവും മോഹവും നമ്മേ തകർക്കും; അതുകൊണ്ട് സ്ഥിരം സൂക്ഷിക്കുക." സെന്റ് അഗസ്റ്റിൻ.

"സൂക്ഷിച്ചുകൊള്ളുവീൻ" എന്നത്

1. ദൈവത്തോടുള്ള അടുപ്പവും
2. വചനത്തിലുള്ള സ്ഥിരതയും
3. വിശുദ്ധ ജീവിതത്തിലെ ജാഗ്രതയും

ഇവ ആവശ്യപ്പെടുന്ന വിളിയാണ്.

പ്രായോഗിക സന്ദേശങ്ങൾ

1. ശരിയായ ഉപദേശത്തിൽ ഉറച്ചു നിൽക്കുക-സഭയുടെ പരിശുദ്ധ പാരമ്പര്യം വിട്ടുമാറരുത്.

2. കപടഭക്തിയെ ഒഴിവാക്കുക-ഹൃദയം ശുദ്ധീകരിക്കാതെ പുറമേ ഭക്തി മാത്രം കാണിക്കരുത്.

3. ആത്മീയ നിഷേധത്തെ തടയുക-ലോകചിന്തകളാൽ ആത്മാവിനെ കൊല്ലാതിരിക്കുക

4. യഥാർത്ഥ അപ്പം തേടുക-വി. കുർബ്ബാനയിൽ ക്രിസ്തുവിനെ സ്വീകരിക്കുമ്പോഴാണ് ആത്മാവ് ജീവിക്കുന്നത്.


❑



2025 സെപ്റ്റംബർ 13, 14 തീയതികളിൽ OSSAE OKR ന്റെ വാർഷിക ജനറൽ ബോഡി യോഗം നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിൽ നടന്നു. OSSAE-OKR ന്റെ പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് അസംബ്ലിയിൽ അധ്യക്ഷത വഹിച്ചു. OSSAE ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസ് മുഖ്യാതിഥിയായിരുന്നു. OSSAE-OKR ന്റെ ഡയറക്ടറും സെമിനാരി പ്രിൻസിപ്പലുമായ ഫാ. ഡോ. ജോസി ജേക്കബ്, ട്രഷറർ ഫാ. ബി. എം. തോമസ്, എക്സിക്യൂട്ടീവ് ഓഫീസർ ഫാ. റോജൻ പി. ഗീവർഗീസ് എന്നിവരും യോഗങ്ങളിൽ പങ്കെടുത്തു.



മദ്യ ലഹരി വിരുദ്ധ സമിതിയുടെ മലബാർ മേഖലാ സമ്മേളനം അട്ടപ്പാടി അഗളി സെന്റ് ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. മദ്യ ലഹരി വിരുദ്ധ സമിതി മലബാർ മേഖല വൈസ് പ്രസിഡന്റ് ഫാ. മാത്യൂസ് വറ്റിയാനിക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്ര സെക്രട്ടറി അലക്സ് മണപ്പുറത്ത്, ട്രഷറർ ഡോ. റോബിൻ പി. മാത്യു, ഫാ. വർഗീസ് മാത്യു, കെ. എം. ദാസ് എന്നിവർ പ്രസംഗിച്ചു. ലഹരി ബോധവൽക്കരണ ക്ലാസിന് വി. കെ. ബിജു നേതൃത്വം നൽകി. സ്കൂൾ ഡാൻസ് ടീം ലഹരിക്കെതിരെ തീം ഡാൻസ് അവതരിപ്പിച്ചു.



മുത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ 80-ാമത് വാർഷികത്തോടനുബന്ധിച്ച് നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശ കർമ്മം ഫാ. ജേക്കബ് ഫിലിപ്പ്, ഫാ. ഡോ. റെജി മാത്യു, ഫാ. തോമസ് മാത്യു, വികാരി ഫാ. പ്രദീപ് വർക്കി വർഗീസ് എന്നിവരുടെ കാർമ്മികത്വത്തിൽ നിർവഹിച്ചു. നിരണം ഭദ്രാസന യുവജനപ്രസ്ഥാന ജനറൽ സെക്രട്ടറി റിനോജ് ജോർജ്, വാർഡ് മെമ്പർ ശോഭ വിനു എന്നിവർ ആശംസകൾ നേർന്നു. ഇടവക ട്രസ്റ്റി ബേബി കുര്യൻ, സെക്രട്ടറി ബിനു ചെറിയാൻ, യുവജനപ്രസ്ഥാന വൈസ് പ്രസിഡന്റ് നിതിൻ മാത്യു, സെക്രട്ടറി ആൽബിൻ കുര്യൻ, അലൻ തോമസ്, ഷിനോ ജോർജ് , മറ്റ് യുവജനപ്രസ്ഥാന പ്രവർത്തകർ, ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

Church Calendar

Second Sunday After the Holy Cross

Beware of the Leaven

(St. Matthew 16:5–12)



Fr Aaron Joshua John

In today's Gospel reading from Matthew 16:5–12, we encounter Jesus warning His disciples about the "leaven of the Pharisees and Sadducees." At first, the disciples misunderstand, thinking Christ was speaking about physical bread. But the Lord clarifies that He was warning them of the corrupting influence of false teaching and hypocrisy. Leaven in Jewish thought symbolized influence that spreads silently yet pervasively. Just as a small amount of yeast permeates an entire lump of dough, so too falsehood, hypocrisy, and distorted religion can infect and poison the community of God's people. This passage challenges us to discern what shapes our faith, is it the truth of Christ, or the leaven of human pride and distortion?

1. Guarding Against the Leaven of False Teaching

The first lesson we receive from this passage is the necessity of spiritual vigilance. Jesus identifies the danger of the Pharisees and Sadducees not because they lacked zeal, but because their zeal was misplaced. The Pharisees clung to external legalism, reducing the covenant to a burdensome system, while the Sadducees diluted faith by denying the resurrection and supernatural realities. Both groups allowed human reasoning or tradition to corrupt the truth of God's revelation.

This warning recalls the words of the prophet Hosea: "My people are destroyed for lack of knowledge" (Hos. 4:6). The people of Israel were led astray because their leaders failed to anchor themselves in God's living word. St. John Chrysostom, commenting on this passage, notes that Christ does not say "beware of the Pharisees" as persons, but "beware of their teaching," teaching us to reject error while still loving persons. In our own day, we too face teachings that distort the Gospel: prosperity without the cross, ritual without repentance, nationalism disguised as piety. The leaven of these errors spreads subtly, and if we are not watchful, we may find our hearts slowly reshaped by values foreign to Christ. The Orthodox Church, through the liturgy, constantly draws us back to truth. In every Holy Qurbana, the priest prays: "Sanctify us by Thy truth, O Lord." The sacramental rhythm preserves us from corruption, reminding us that our faith is not an ideology but participation in the living Christ. Thus, guarding against false teaching is not only an intellectual task but also a sacramental discipline of staying rooted in Christ's body, the Church.

2. Nurturing the Leaven of the Kingdom

If Jesus warns us against corrupt leaven, He also calls us to embrace the holy leaven of the Kingdom of God. In Matthew 13:33, Christ compares the Kingdom to leaven that a woman hides in three measures of flour until all is leavened. Here, leaven symbolizes transformation, the quiet, unseen growth of God's reign in the world. Just as destructive leaven can corrupt, holy leaven can sanctify. To nurture this leaven is to let the Gospel permeate every aspect of life. St. Cyril of Alexandria teaches that true leaven is the Spirit of Christ, working within believers to transform them into His likeness. This growth is not sudden but gradual, sanctifying the heart, the family, and the community. The Eucharist itself is a profound symbol of this transformation: bread and wine, once ordinary, become by the Spirit the Body and Blood of Christ, sanctifying those who partake. Thus, in Christ, ordinary life is leavened with divine grace.

In a world that often prizes instant results, the Kingdom's leaven reminds us that faith matures slowly, through prayer, repentance, acts of mercy, and daily obedience. When we remain faithful, the Gospel spreads through us into society, offering hope in a culture marked by cynicism and despair. Just as one spark can ignite a flame, one faithful disciple can become leaven for a whole community.

Beloved in Christ, the Lord sets before us two types of leaven, one that corrupts and one that sanctifies. The leaven of falsehood creeps in unnoticed, turning faith into empty ritual or hollow ideology. The leaven of the Kingdom, by contrast, quietly transforms us into vessels of God's light and truth. As Orthodox Christians, we are called to reject the corrupt leaven of our age and instead allow the Spirit of Christ to leaven our lives through Word, Sacrament, and faithful living. May we, then, approach the Holy Qurbana today with vigilant hearts, asking Christ to guard us from falsehood and to fill us with the leaven of His Kingdom, until all our lives are permeated with His grace.



ഗോവ പഞ്ചിം സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ അൽ വാറിസ് മാർ യൂലിയോസിന്റെ 102-ാമത് ഓർമ്മപ്പെരുന്നാളിൽ സഖറിയാ മാർ സേവേറിയോസ് അനുസ്മരണപ്രസംഗം നടത്തുന്നു.



എം ജി യൂണിവേഴ്സിറ്റിയിൽ നിന്നും 'Integrated MA English'-ൽ അലീന അന്ന ചെറിയാന് രണ്ടാം റാങ്ക് ലഭിച്ചു. തുമ്പമൺ ഭദ്രാസനത്തിലെ തണ്ണിത്തോട് സെന്റ് ആന്റണീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും അഖില മലങ്കര ബാലസമാജം തുമ്പമൺ ഭദ്രാസന സെക്രട്ടറിയുമാണ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലാണ് എം.എ. പഠനം പൂർത്തീകരിച്ചത്.

കതക്

(അടഞ്ഞ കതകിനുള്ളിൽ ഗുരുപറഞ്ഞ രാജ്യം)

ഫാ. അജീഷ് ബാബു

പലപ്പോഴും മനുഷ്യൻ മറന്നുപോകുന്നത് പതിവായി നാം ഉപയോഗിക്കാത്ത വസ്തുക്കളാണ്. എന്നാൽ സ്ഥിരം ഉപയോഗിക്കുന്നതും എപ്പോഴും കയ്യിൽ കൂടെയുള്ളതുമായതിനെ കുറിച്ച് കൃത്യമായ ധാരണയുണ്ട്. കൂടാതെ അതിനെപ്പറ്റിയുള്ള അഹന്തയും.

ജീവിതം കുറേ ദൂരം സഞ്ചരിച്ചു കഴിയുമ്പോൾ പെട്ടെന്നായിരിക്കാം ആ തിരിച്ചറിവുണ്ടാകുന്നത് മനപ്പൂർവം മറന്നുവെച്ച, അല്ലെങ്കിൽ എടുക്കാതെ പോയ, കൂടെക്കൂട്ടാതെ പോയ എന്തോ ഒന്ന്. അതൊരു പക്ഷേ എപ്പോഴും ഉപയോഗിക്കുന്നതും ആവണമെന്നില്ല. 10 കന്യകമാരുടെ ജീവിതം ഗുരു പറയുമ്പോൾ അതിൽ അഞ്ചു പേർ മാത്രം അധികം എണ്ണ എടുക്കാൻ മറന്നു പോയ സ്ത്രീകളാണ്.

ഗലീലയിലെ പ്രാദേശികമായ വിവാഹ രീതി അനുസരിച്ച് യേശു പറയുന്ന ഉപമയാണത്. വധുവുമായി ബന്ധമുള്ള വിവാഹം കഴിഞ്ഞിട്ടില്ലാത്ത സ്ത്രീകൾ വരനെ വധുവിന്റെ വീട്ടിലേക്ക് സ്വീകരിക്കാൻ ഒരുക്കി നിർത്തുന്ന ഒരു ചടങ്ങ് ഗലീലിയിലുണ്ട്. യേശുവിന്റെ കാലത്ത് ജൂതന്മാരുടെ വിവാഹത്തിൽ പല ഘട്ടങ്ങളുണ്ടായിരുന്നു. നിയമപരമായി ജൂതമത പശ്ചാത്തലത്തിൽ അവരുടെ വിവാഹം കഴിഞ്ഞാൽ വരൻ തന്റെ വീട്ടിലേക്ക് വധുവിനെ കൂട്ടിക്കൊണ്ടുപോകുന്നത് ഉടൻതന്നെ ആവണമെന്നില്ല. കുറെ നാളുകൾക്കുശേഷമായിരിക്കും അത് സംഭവിക്കുക. ഏത് സമയം വരൻ വന്ന് കൂട്ടിക്കൊണ്ടു പോകും എന്നതിനെക്കുറിച്ച് പോലും കൃത്യമായ ധാരണ ഇല്ല. ആ കാലങ്ങളിൽ എല്ലാം വധുവുമായി അകലങ്ങൾ ഇല്ലാതെ ജീവിക്കുന്ന കുറേയധികം സ്ത്രീകൾ ഉണ്ടായിരുന്നു. അവരെക്കുറിച്ചാണ് ഗുരു പറയുന്നത്.

മണവാളനെ മണവാട്ടിയുടെ മുറിയിലേക്ക് സ്വീകരിക്കാൻ രാത്രിയിൽ എണ്ണ അധികമായി കരുതിയിരിക്കുന്ന അഞ്ചു കന്യകമാർ, അതേസമയം തന്നെ അധികം എണ്ണ കരുതാത്ത അഞ്ചു കന്യകമാർ. ഗലീലയിലെ പശ്ചാത്തലത്തിൽ വിവാഹത്തെക്കുറിച്ച് പറയുന്നതിനാൽ തന്നെ യെരുശലേമിന് പുറത്തേക്കുള്ള ദൈവീകമായ പദ്ധതിയെക്കുറിച്ചാണ് ഗുരു പറയാതെ പറഞ്ഞുവെക്കുന്നത്. ദേശകേന്ദ്രീകൃതമായ മത അധികാരത്തെ തള്ളിപ്പറയുന്ന ക്രിസ്തുവാണ് ഒരു ഭാഗത്ത്. മറുഭാഗം യെരുശലേമിന് പുറത്തുള്ള ദൈവീകമായ സാന്നിധ്യത്തെ ഉൾക്കൊള്ളാത്ത ഒരുകൂട്ടം മനുഷ്യരെ (ബുദ്ധി കുറഞ്ഞ മനുഷ്യർ) അതിശക്തമായി വിമർശിക്കുന്നു.


ബുദ്ധിയുടെ മാനദണ്ഡം വിളക്കിനുവേണ്ടി എണ്ണ കരുതാത്ത മനുഷ്യരെ ചുറ്റിപ്പറ്റിയാണ്. ബുദ്ധിയുള്ള എല്ലാവരും വധുവിന്റെ മുറിയിലേക്ക് മണവാളനെ കൂട്ടിക്കൊണ്ടുപോകുവാൻ ഒരുങ്ങി നിൽക്കുന്നവരാണ്. ക്രിസ്തുവിന്റെ സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള വാക്കുകൾക്കു മുമ്പിൽ സ്വയം ആർജിച്ചെടുക്കേണ്ട ഒരു ബുദ്ധിയുണ്ട്. പരിസരങ്ങൾ ചെലുത്തുന്ന സ്വാധീനത്തിൽ 'എണ്ണ' കരുതുന്നതിന് സ്വയം മടി കാണിച്ചാൽ തുറക്കപ്പെടാൻ കഴിയാത്ത വാതിലിനു മുമ്പിൽ സ്വയം യാചിച്ചുകൊണ്ട് നിൽക്കേണ്ടി വരും.

നിശബ്ദതയിലെ മേളവും ആർപ്പുവിളിയും

രാത്രി ഏറെക്കുറെ നിശബ്ദമാണ്. ആ നിശബ്ദതയിൽ എല്ലാവരും നല്ല ഉറക്കവും. വധുവിനൊപ്പം ആ 10 പേരും എത്ര രാത്രികൾ കൂട്ടിയിരുന്നിട്ടുണ്ടാകും എന്ന് കൃത്യമല്ല. ഒരു കാര്യം കൃത്യമാണ് അവർ 10 പേരും വിവാഹം എന്നു കഴിഞ്ഞോ അന്നുമുതൽ വധുവിനൊപ്പമാണ്. പ്രതീക്ഷയോടെ തന്റെ വരനെ കാത്തിരിക്കുന്ന വധുവിനൊപ്പം കൂട്ടിരിക്കുന്ന കന്യകമാരാണ്. രാത്രിയിലാണ് മണവാളൻ വരുന്നത്. ഒരർത്ഥത്തിൽ രാത്രിയുടെ നിശബ്ദതയുടെ മേൽ വിധിയുടെ മേളം കൊട്ടി ആർപ്പുവിളിയുണ്ടായി. അപ്പോഴാണ് മണവാളന്റെ വരവ്. നിശബ്ദതയുടെ ആഴത്തിലേക്ക് വഴുതിവീണു ഉറങ്ങിപ്പോയ മനുഷ്യരെ എഴുന്നേൽപ്പിക്കുന്ന മേളമാണ് വധുവിന്റെ വീട്ടിൽ അരങ്ങേറുന്നത്. എഴുന്നേറ്റ കന്യകമാർ എടുക്കുന്നത് തങ്ങളുടെ വിളക്കാണ്. മണവാളന്റെ മേളത്തെ സ്വീകരിക്കുന്ന എണ്ണ കരുതിയിരുന്ന കന്യകമാർ. മേളം കേട്ടിട്ട് എണ്ണ കൈവശമില്ലാത്തവർ അത് അന്വേഷിച്ച് മാർക്കറ്റിലേക്ക് പോകുന്നു. ദൂരെ നിന്ന് മണവാളന്റെ വരവിന്റെ മേളവും ആർപ്പുവിളിയും കേട്ടതാണ് കന്യകമാർ. പക്ഷേ എണ്ണ കൈയിൽ ഇല്ലാത്തവർ അതു വാങ്ങുവാൻ മാർക്കറ്റിലേക്ക് പോയി. അവർ വന്നപ്പോഴേക്കും മണവാളൻ വീടിനുള്ളിൽ പ്രവേശിച്ച് കതക് അടച്ച് കല്യാണസദ്യ കഴിക്കുകയാണ്.

ചന്തയിൽ നിന്ന് താമസിച്ചുപോയി

'നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽപോയി വാങ്ങിക്കൊൾവിൻ' (മത്തായി 25:9).



ഉത്തരവാദിത്തങ്ങൾ മറന്നാൽ ദയാപൂർവ്വമുള്ള യാചനകൾ പാപമായി മാറും.

മാർക്കറ്റിൽ നിന്ന് അവർ അഞ്ചുപേരും താമസിച്ചാണ് വന്നത്. മാർക്കറ്റ് എല്ലാ കാലത്തും മനുഷ്യനെ അവന്റെ പ്രതീക്ഷയ്ക്ക് അനുസരിച്ച് മുന്നോട്ട് നയിക്കുന്ന ഇടമല്ല. മറിച്ച് അവനെ അല്പം പിറകോട്ട് വലിക്കും. അവർ അഞ്ചുപേരും ആ രാത്രിയിൽ തന്നെ മാർക്കറ്റിലേക്ക് പോയി. അവിടെ ഒരു മറുചോദ്യം രാത്രികാലങ്ങളിൽ കച്ചവടം നടത്തുന്ന, എണ്ണ വിൽക്കുന്നതിന് വേണ്ടി തയ്യാറായ മനുഷ്യർ ചന്തയിൽ ഉണ്ടായിരുന്നോ? ക്രിസ്തു പറയുന്നത് ഉണ്ടായിരുന്നു. അവർ ചന്തയിൽ നിന്ന് എണ്ണയുമായി ആണ് മണവാളൻ ഉള്ള വീട്ടിലേക്ക് മടങ്ങിവരുന്നത്. അവർ വന്നപ്പോഴേക്കും വധുവിനും മണവാളനും ഒപ്പം പ്രവേശിക്കുവാൻ കഴിയാൻ പറ്റാതെ പോയി. ചന്തയിൽ നിന്ന് വൈകി വന്നവർ ഏറെ നിരാശയിലാണ്. അവർ വാതിലിനു പുറത്ത് നിരാശയിലാണ്.

യാചിക്കുമ്പോൾ ദയ നഷ്ടപ്പെട്ടുപോയ ഇടമാണോ ഈ വിവാഹ വീട് എന്ന് പലപ്പോഴും തോന്നിപ്പോകും. അതിന്റെ മറുപുറം ഉത്തരവാദിത്തങ്ങൾ മറന്നു ജീവിച്ചാൽ ദയ ലഭ്യമാകുന്നത് പാപമായി മാറാൻ സാധ്യതയുണ്ട്. ദയയെ പാപമാക്കാത്ത മണവാളൻ ഒരിക്കലും അവർക്ക് നേരെ കതക് തുറക്കുന്നില്ല.

രാത്രിയിലും അവർ കല്യാണസദ്യയിലാണ് എണ്ണ കരുതിയിരുന്ന അഞ്ചു കന്യകമാർ മണവാളനും മണവാട്ടിക്കും ഒപ്പം.

❑



സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് റോമൻ കത്തോലിക്കാ സഭയുടെ മാനന്തവാടി രൂപത അധ്യക്ഷൻ മാർ ജോസ് പൊരുന്നേടത്തിനെ സന്ദർശിച്ചു. മാനന്തവാടി രൂപതയുടെ പ്രഥമ ഇടയൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നിര്യാണത്തിൽ പ്രാർത്ഥനകൾ നടത്തി അനുശോചനം അർപ്പിച്ചു. ഒപ്പം സമകാലിക പ്രശ്നങ്ങളും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിഷയങ്ങളും ചർച്ചയായി. ഭദ്രാസന സെക്രട്ടറി ഫാ. ബേബി ജോൺ, ഭദ്രാസന പി.ആർ.ഒ. ഫാ. നിബിൻ ജേക്കബ് എന്നിവർ മെത്രാപ്പോലീത്തായെ അനുഗമിച്ചു.



ഫാ. ആരോൺ ജോഷ്വ ജോൺ 16–ാമത് അന്താരാഷ്ട്ര എക്ലേസിയോളജിക്കൽ ഇൻവെസ്റ്റിഗേഷൻസ് ഇന്റർനാഷണൽ റിസർച്ച് നെറ്റ്വർക്ക് കോൺഫറൻസിൽ പ്രബന്ധം അവതരിപ്പിച്ചു. ആഗോള ദൈവശാസ്ത്ര പണ്ഡിതരുടെ കൂട്ടായ്മയാണ് കോൺഫറൻസ് സംഘടിപ്പിച്ചത്. ഡൽഹി ഭദ്രാസനത്തിലെ വൈദികനും തുമ്പമൺ ഭദ്രാസനത്തിലെ കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവുമാണ് ഫാ. ആരോൺ. 'ഏഷ്യൻ തിയോളജീസ് ആൻഡ് ക്രിസ്ത്യൻ ഐഡന്റിറ്റി' എന്ന വിഷയത്തിൽ നടന്ന സെഷനിൽ 'Reassessing Nicaea's Legacy in Contemporary Ecclesial Boundaries' എന്ന പ്രബന്ധമാണ് അവതരിപ്പിച്ചത്.



കമ്മ്യൂണിറ്റി കെയർ നഴ്സിംഗിലെ മികച്ച നഴ്സിംഗ് സ്റ്റാഫിനുള്ള എയിംസോണിയൻസ് ഓഫ് അമേരിക്ക അവാർഡ് (എക്സലൻസ് ഇൻ നഴ്സിംഗ്) ഡെന്നിസ് മറിയം ഉമ്മന് ലഭിച്ചു. ഡൽഹി ഹോസ്കാസ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമാണ്.

